25

Januray. 2011
Vol. 04
Issue: 02

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL



**അറിയിപ്പ്**

ഡിസൈനിംഗിലും ഡി.റ്റി. പിയിലും പരസ്യരംഗത്ത് ആവശ്യമായ സഹായം! പുസ്തക പ്രസിദ്ധീകരണത്തിനും പ്രിന്റിംഗിനും വിദഗ്ദരുടെ സേവനങ്ങളും നിർദ്ദേശങ്ങളും!

ഗ്രാഫിക്സ് ഇന്നോവേഷൻസ്

മാർത്തോമ കോളേജ് ജംഗ്ഷൻ, ആർ.എസ്. പി.ഒ. കുറ്റപ്പുഴ, തിരുവല്ല – 689 111 , ഫോൺ: 0469 – 2631141,
മൊബൈൽ: 9447089456



RNI. No.KERMAL/2008/26530 | POSTAL Reg.No. KL/TLA 225/2009-11 | Annual Subscription Rs. 100/- | Pages: 12


# അപ്പോസ്തോലിക ഉപദേശത്തിനായി പെന്തെക്കോസ്ത് അപ്പോളജറ്റിക് കൗൺസിൽ

**പത്രപ്രവർത്തകരും എഴുത്തുകാരും പ്രസംഗകരും കൈകോർക്കുന്നു. വേദ വിപരീതമായ ഉപദേശങ്ങളെയും വികല വ്യാഖ്യാനങ്ങളെയും എതിർക്കുവാനും വചന ഉപദേശങ്ങൾ ജനത്തിന് ബോധ്യമാക്കുവാനും സെമിനാറുകൾ സംഘടിപ്പിക്കുന്നു.**

**തിരുവല്ല:** പെന്തെക്കോസ്ത് സഭകളിൽ വർദ്ധിച്ചുവരുന്ന ദുരുപദേശ പ്രചരണങ്ങളെയും വികലമായ വചന വ്യാഖ്യാനങ്ങളെയും എതിർക്കുവാനും യഥാർത്ഥ വചന സത്യത്തിലേക്ക് ജനത്തെ നടത്തുവാനും ബോധവത്ക്കരിക്കുവാനും വിവിധ പെന്തെക്കോസ്ത് സഭകളിലെ എഴുത്തുകാർ, പത്രപ്രവർത്തകർ, പ്രസംഗകർ എന്നിവരുടെ സംയുക്തവേദിയായ പെന്തെക്കോസ്തൽ അപ്പോളജറ്റിക് കൗൺസിൽ സജീവമാകുന്നു. തിരുവല്ലയിൽ കൂടിയ സമാന ചിന്താഗതിക്കാരുടെ കൂട്ടായ്മയിലാണ് പദ്ധതികൾ ആവിഷ്കരിച്ചത്.



കാനം അച്ചൻ ചർച്ച നയിക്കുന്നു

അപ്പോസ്തോലിക ഉപദേശങ്ങൾക്കായി നിലക്കൊള്ളുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന എതിർപ്പുകളെ നേരിടുവാൻ എഴുത്തുകാരും, പത്രപ്രവർത്തകരും, പ്രസംഗകരും തയ്യാറാകണമെന്ന് അപ്പോളജറ്റിക് കൗൺസിൽ സംഘടിപ്പിച്ച് ചർച്ചയുടെ ആമുഖ പ്രസംഗത്തിൽ പാസ്റ്റർ ഫിലിപ്പ്. പി. തോമസ് ആവശ്യപ്പെട്ടു.



പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ ഫിലിപ്പ്. പി. തോമസ്, കാനം അച്ചൻ, സുവി. പി.റ്റി. തോമസ് എന്നിവർ വേദിയിൽ

ആഡംബര കപ്പലായ ടൈറ്റാനിക് മഞ്ഞുമലയിൽ ഇടിച്ച് അടിത്തട്ട് തകർന്ന സമയം എഞ്ചീനി

ശേഷം പേജ്: 05

## ഐ. പി. സി. കൺവൻഷൻ സമാപിച്ചു




കർത്തൃമേശ ശുശ്രൂഷയ്ക്ക് പാസ്റ്റർ റ്റി. എസ്. ഏബ്രാം നേതൃത്വം നൽകുന്നു. പാസ്റ്റേഴ്സ് ബേബി വർഗ്ഗീസ്, കെ. എം. ജോൺ, കെ.സി. ജോൺ, കെ.എം. ജോസഫ്, എം. വി. വർഗ്ഗീസ്, സി. ഐ. ചെറിയാൻ, കെ. സി. തോമസ് എന്നിവർ സമീപം

**കുമ്പനാട്:** 87-ാമത് കുമ്പനാട് കൺവൻഷൻ സമാപിച്ചു. 2011 ജനുവരി 9-16 വരെ നടന്ന കൺവൻഷൻ സംയുക്ത സഭായോഗത്തോടെയാണ് അവസാനിച്ചത്. പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പാസ്റ്റേഴ്സ് വൽസൻ ഏബ്രഹാം, റ്റി. എസ്. ഏബ്രഹാം, കെ. ജോയി, ജോൺ കെ. മാത്യു, തോമസ് ഫിലിപ്പ്, ബാബു ചെറിയാൻ, സാം ജോർജ്ജ്, വിൽസൺ ജോസഫ്, എം. എസ്. സാമുവേൽ രാജു മേത്ര, ക്രിസ്ജാക്സൺ, ഫിലിപ്പ് പി. തോമസ്, എം. വി. വർഗ്ഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. സഭായോഗ

ശേഷം പേജ്: 10

## ശുശ്രൂഷകർ വിശ്വസ്തരായിരിക്കുക പാസ്റ്റർ എം. കുഞ്ഞപ്പി

### സംയുക്ത സഭായോഗത്തോടെ സമാപനം



പാസ്റ്റർ എം. കുഞ്ഞപ്പി കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റേഴ്സ്. പി.ജി. മാത്യൂസ്, പി.ജെ. ജെയിംസ് , എം. ഒ. ഏലിയാസ്. ജെ. ജോസഫ് തുടങ്ങിയവർ സമീപം

**തിരുവല്ല:** ദൗത്യത്തിൽ ഏവരും വിശ്വസ്തരായിരിക്കണമെന്ന് ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ സ്റ്റേറ്റ് ഓവർസിയർ റവ. എം. കുഞ്ഞപ്പി പറഞ്ഞു. ഇന്ത്യ പൂർണ്ണ സുവിശേഷ ദൈവസഭ കേരള സ്റ്റേറ്റ് 88-ാമത് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു

ശേഷം പേജ്: 10

## സാക്ഷി



നേതാവിന്റെ പ്രസംഗം കഴിഞ്ഞവർഷത്തേതു തന്നെയാണല്ലോ.

*"കർത്താവ് മാറ്റമില്ലാത്തവനാകുമ്പോൾ പ്രസംഗത്തിനെന്തു മാറ്റം വരുത്താനാ"*

## കൊടുന്തറ ഉമ്മച്ചന്റെ ജീവചരിത്രം പ്രകാശനം ചെയ്തു



പാസ്റ്റർ റ്റി. എസ്. ഏബ്രഹാം റവ. ബേബി വർഗ്ഗീസിന് പുസ്തകം നൽകി പ്രകാശനം ചെയ്യുന്നു. സമീപം പാസ്റ്റർ ഷിബു നെടുവേലിൽ, രാജൻ ആര്യപ്പള്ളിൽ, കെ. എം. മാത്യു

വാർത്ത പേജ്: 11

## ഐ. പി. സി. കർണാടക സ്റ്റേറ്റ് കൺവൻഷൻ

ചാക്കോ തോമസ്, ബാംഗ്ലൂർ

**ബാംഗ്ലൂർ:** ഐ. പി. സി. കർണാടക സ്റ്റേറ്റ് 24-ാമത് കൺവൻഷൻ ഫെബ്രുവരി 3-6 വരെ അഗര ഹൊറമാവ് ഹെഡ്ക്വാർട്ടേഴ്സ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും, പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും.

പാസ്റ്റർമാരായ ബാബു ചെറിയാൻ, ജോർജ്ജ് മോനച്ചൻ, ജേക്കബ് ജോർജ്ജ്, ഗുരുപ്രസാദ്, സാം ജോർജ്ജ്, ഡോ. ഇടിച്ചെറിയാ നൈനാൻ എന്നിവർ



പാസ്റ്റർ സാം ജോർജ്ജ്

ശേഷം പേജ്: 10

ബിലീവേഴ്സ് ജേണൽ
2010

പത്രാധിപ സമിതി

*രക്ഷാധികാരി*
**റവ. ജോർജ്ജ് വി. മേക്കാട്ട്**

*ചെയർമാൻ*
**രാജൻ ആര്യപ്പള്ളിൽ**

*വൈസ് ചെയർമാൻ*
**ജെയ്സൺ ജോസഫ്**

*മാനേജിംഗ് എഡിറ്റർ*
**എം.വി. ഫിലിപ്പ്**

*ചീഫ് എഡിറ്റർ*
**പാസ്റ്റർ സാംകുട്ടി മാത്യു**

*ജനറൽ എഡിറ്റർ*
**അനിൽ കൊടിത്തോട്ടം**

*ബോർഡ് മെംമ്പേഴ്സ്*
**മോനി കൊടുന്തറ**
**പാസ്റ്റർ സണ്ണി വാകത്താനം**

*പബ്ലീഷർ*
**പീറ്റർ മാത്യു വല്ല്യത്ത്**

*ചീഫ് കറസ്പോണ്ടന്റ്*
**പാസ്റ്റർ തോമസ് തോന്നയ്ക്കൽ**

*കോർഡിനേറ്റർ*
**പാസ്റ്റർ കെ. ജെ. മാത്യു**

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 100 രൂപ
യു.എസ്.എ. & കാനഡ: $ 30
യു.കെ: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ

*Address (India)*
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105

*Address (Usa)*
P.O. Box:620 742
Atlanta
GA 30362, USA

Mob: 9447368795 (INDIA)

E- mail
beljourn@gmail.com
bjpathramonline@gmail.com

Website
www.beljourn.com





# കൺവൻഷനുകളെ വിശ്വാസികൾ തള്ളുന്നു?



**സാംകുട്ടി മാത്യു**
*ചീഫ് എഡിറ്റർ*

ഒരു കൺവൻഷൻ സീസൺ കൂടി സമാപിക്കുകയാണ്. ഒരു പുനർ വിചിന്തനത്തിന് സമയമായിരിക്കുന്നു. കാരണം ഈ വർഷം നടന്ന ഒട്ടുമിക്ക സഭകളുടെ കൺവൻഷനിലും ജനപങ്കാളിത്തം കുറഞ്ഞിരിക്കുന്നു. ഞായറാഴ്ച നടക്കുന്ന സഭായോഗത്തിനു മാത്രം പന്തൽ നിറയുന്ന നിലയിലേക്കു കാര്യങ്ങൾ എത്തിയിരിക്കുന്നു. ജനറൽ കൺവൻഷനുകളോട് പൊതുവേ വിരക്തിയാണ് ജനത്തിന്. അതിനു കാരണമാകുന്ന ഘടകങ്ങൾ പലതാണ്. മൈലുകൾ താണ്ടി ബദ്ധപ്പെട്ട് എത്തുന്നവർ നിരാശയോടെയാണ് പലപ്പോഴും മടങ്ങേണ്ടിവരുന്നത്. പതിവു പ്രസംഗങ്ങൾ. ഒരു പ്രമുഖ ജനറൽ കൺവൻഷനിൽ ഇപ്രാവശ്യം പ്രമുഖനായ പ്രസംഗകൻ പറഞ്ഞ ഉദാഹരണങ്ങളും കഥകളും പോലും മുൻ വർഷത്തേതു തന്നെയായിരുന്നു. ഒരു സീസണിൽ ഒറ്റ പ്രസംഗം കൊണ്ട് നാടുചുറ്റുന്ന പ്രസംഗകരെയും ജനം മടുത്തു തുടങ്ങി. ജനറൽ കൺവൻഷനുകളിൽ നന്നായി വചനം പറയുന്നവരെ ജനം ഇരുകൈയും നീട്ടി സ്വീകരിക്കുന്നുമുണ്ട്. പ്രസംഗസമയം ഭാരവാഹികൾക്കും അനുയായികൾക്കും മാത്രം വീതം വയ്ക്കുന്ന പതിവ് മാറ്റണം. അത്തരക്കാർക്ക് ഒന്നോ രണ്ടോ മിനിറ്റ് നൽകുക. ജനത്തിനു ദൂതു നൽകാൻ പ്രാപ്തരായവർക്കു സമയം നൽകുക. തങ്ങൾക്കു താൽപ്പര്യമുള്ളവരെയും പണം കൊടുക്കുന്നവരെയും പുകഴ്ത്തുവാനുള്ള വേദിയായി ജനറൽ കൺവൻഷനുകളെ നേതാക്കന്മാർ മാറ്റുന്നു. മൈക്കിന്റെ മുമ്പിൽ നിന്നു മാറാത്ത നേതാക്കന്മാർ, സമയ ക്ലിപ്തയില്ലായ്മ, തരം പോലെ പ്രാഗ്രാമുകൾ മാറ്റുന്നവർ ഇങ്ങനെ പല ഘടകങ്ങൾ ജനറൽ കൺവൻഷനുകളെ വിരസമാക്കുന്നു. ആരാധനയ്ക്കും വചനത്തിനും പ്രാധാന്യം നൽകുകയും വിരസമാക്കുന്ന പോഗ്രാമുകൾ ഒഴിവാക്കുകയും ചെയ്താൽ ജനങ്ങൾ ആവേശത്തോടെ കൺവൻഷനുകളിൽ പങ്കെടുക്കും. നേതാക്കന്മമാരുടെ മഹത്വം വെളിപ്പെടുത്താനും അവരുടെ അൽപ്പത്തങ്ങൾ ചെലവാക്കാനുമായി ജനറൽ കൺവൻഷനുകളെ വേദിയാക്കുമ്പോൾ അതെല്ലാം സഹിക്കുവാൻ ജനത്തിനു താൽപ്പര്യമില്ലെങ്കിൽ അവരെ നിർബന്ധിക്കുവാൻ ആർക്കാണവകാശം. ഒഴിഞ്ഞ പന്തലുകൾ നൽകുന്ന മുന്നറിയിപ്പ് തിരിച്ചറിഞ്ഞ് കാലത്തിന്റെ ചുവരെഴുത്ത് വായിക്കുന്ന നേതാക്കന്മാർ ബുദ്ധിയുള്ളവർ വചനം നൽകുക ജനം കൈനീട്ടി സ്വീകരിക്കും.

〈അകംപൊരുൾ〉

# ‘എന്തു നല്ലോർ സഖിയേശു’



തോമസ് തോന്നയ്ക്കൽ
09995642072

അയർലൻഡിലെ ഡബ്ളിനിലായിരുന്നു ജോസഫ് സ്ക്രിവൻ ജനിച്ചത്. പഠനത്തിൽ മിടുക്കനായിരുന്ന സ്ക്രിവന് കലാലയ പഠനം കഴിഞ്ഞയുടനെ നല്ലൊരു ജോലി ലഭിച്ചു. താമസിക്കാതെ പരിചയത്തിലുള്ള ഒരു പെൺകുട്ടിയുമായി വിവാഹ നിശ്ചയവും നടന്നു. അതീവ സുന്ദരിയും ബുദ്ധിമതിയുമായിരുന്നു അവർ. തങ്ങളുടെ ഭാവി ജീവിതത്തെക്കുറിച്ച് ആ യുവമിഥുനങ്ങൾ സ്വപ്നങ്ങൾ നെയ്തു.

എന്നാൽ അപ്രതീക്ഷിതമായിട്ടായിരുന്നു ആ ദുരന്തം സംഭവിച്ചത്. വിവാഹതലേന്ന് ആ പെൺകുട്ടി ഒരു അപകടത്തിൽ മരിച്ചു. ഈ സംഭവം സ്ക്രിവനെ വല്ലാത തകർത്തു.

ജോലിയുപേക്ഷിച്ച സ്ക്രീവൻ നാടുനീളെ അലയുവാൻ തുടങ്ങി. അധികം താമസിയാതെ അയാൾ കാനഡയിലേക്കു കുടിയേറി. കാനഡയിൽ എത്തിയ സ്ക്രിവൻ പ്രേഷിത പ്രവർത്തനത്തിലൂടെ ദു:ഖിതരെയും പീഡിതരെയും ശുശ്രൂഷിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കു സമർപ്പിച്ച സ്ക്രിവൻ ഒരിക്കലൊരു കവിതയെഴുതി. പ്രസിദ്ധീകരണത്തിനു വേണ്ടിയായിരുന്നില്ല കവിതാ രചന. ദു:ഖിതയായ തന്റെ അമ്മയെ ആശ്വസിപ്പിക്കുവനായിരുന്നു ആ കവിത എഴുതിയത്. തന്റെ അമ്മയൊഴികെ മറ്റാരും ആ കവിത കാണരുതെന്ന് സ്ക്രിവൻ ആഗ്രഹിച്ചുവെങ്കിലും തന്റെയൊരു സുഹൃത്ത് കവിതകണ്ടു. ആ സുഹൃത്ത് ആ കവിതയ്ക്ക് സംഗീതം നൽകി അതിനെ മനോഹരമായ ഭക്തിഗാനമാക്കി മാറ്റി. അതാണ് ക്രൈസ്തവ ലോകം പാടി അശ്വസിക്കുന്ന

“What a friend we have in Jesus,
All Our Sins and griefs to bear....''

എന്ന പ്രസിദ്ധ ഇംഗ്ലീഷ് ഗാനം. ആ ഗാനം മൊഴിമാറ്റത്തിലൂടെ മലയാളത്തലും പ്രസിദ്ധമായി.

“എന്തു നല്ലോർ സഖിയേശു!
പാപ ദു:ഖം വഹിക്കും
എല്ലാം യേശുവോടു ചെന്നു
ചൊല്ലിടു മ്പോൾ താൻ
കേൾക്കും
നൊമ്പരമേറെ സഹിച്ചു
സമാധാനങ്ങൾ നഷ്ടം
എല്ലാം യേശുവോടു ചെന്നു
– ചൊല്ലീടായ്ക നിമിത്തം...”

മലയാള കീർത്തന ശാഖയിൽ സ്ഥാനം പിടിച്ച ഈ അനുഗ്രഹീത ഗാനം ആശ്വാസദായകനായ ക്രിസ്തുവിന്റെ സഖിത്വവും സാന്ത്വനവും അനുഭവവേദ്യമാക്കുന്നു.

ലോകത്ത് നമുക്കു ആശ്വാസവും ആനന്ദവും നൽകുമെന്ന് നാം കരുതുന്ന നമ്മുടെ സ്നേഹഭാജനങ്ങൾ, സുഹൃത്തുക്കൾ, ബന്ധു ജനങ്ങൾ നഷ്ടമാകുമ്പോൾ യേശുമാത്രമാകും നമുക്കു ആത്മമിത്രം. നമ്മുടെ നൊമ്പരങ്ങൾ ആരോടും പങ്കുവയ്ക്കാനില്ലായെന്ന് വിങ്ങിപൊട്ടുന്ന നിമിഷങ്ങളിൽ ‘എല്ലാം യേശുവോടു ചെന്നു ചൊല്ലിടുമ്പോൾ താൻ കേൾക്കും...”

സ്ക്രിവന്റെ വാക്കുകൾ മൊഴിമാറ്റത്തിൽ അർത്ഥം ചോരാതെ മലയാളത്തിൽ ഭംഗിയായി എഴുതിയിരിക്കുന്നു;

“കഷ്ടം ശോധനകളുണ്ടോ
എവ്വിധ ദു:ഖങ്ങളും ലേശവും
ധൈര്യം വേണ്ടാ ചൊല്ലാം
യേശുവോടെല്ലാം ദു:ഖം സർവ്വം
വഹിക്കുന്ന മിത്രം മറ്റാരു
മുണ്ടോ? ക്ഷീണമെല്ലാം അറിയുന്ന– യേശുവോട് ചൊല്ലിടാം
ഉണ്ടോ ഭാരം ബലഹീനം ഇമ്പ
ങ്ങളും അസംഖ്യം രക്ഷകനല്ലോ
സങ്കേതം യേശുവോടറിയിക്കാം
മിത്രങ്ങൾ നിന്ദിക്കുന്നുണ്ടോ?
പോയ് ചൊല്ലേശുവോടെല്ലാം ഉ
ള്ളം കൈയിൽ ഈശൻ കാക്കും
– അങ്ങുണ്ടാശ്വാസമെല്ലാം”

ആശ്വാസത്തിന്റെ അമൃതവർഷിണിയാണ് ഈ ഗാനത്തിലെ വരികൾ.

ബഥാന്യയിൽ മറിയയുടെയും മാർത്തയുടെയും ഏക സഹോദരനായിരുന്നു ലാസർ. ആ സഹോദരിമാർക്കു അത്താണിയും ആശ്വാസവുമായിരുന്ന ലാസർ ദീനം വന്നു പെട്ടെന്നു മരിക്കുകയായിരുന്നു. മരണ വിവരമറിഞ്ഞ യേശു നാലാം ദിവസമായിരുന്നു ബഥാന്യയിൽ എത്തിയത്. ശവ ശരീരം ദുർഗന്ധം വമിക്കുന്ന അവസ്ഥയോളമെത്തി. യേശു ബഥാന്യയിൽ എത്തുമ്പോൾ വികാര തീവ്രമായ രംഗങ്ങളാണ് സംഭവിച്ചത്. മറിയ യേശുവിന്റെ കാല്ക്കൽ വീണ് പറയുന്നു.

“കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു...”

ഇതും പറഞ്ഞ് മറിയ പൊട്ടികരഞ്ഞു. അവൾ കരയുന്നതും അവളോടു കൂടെ വന്ന യഹൂദന്മാർ കരയുന്നതും കണ്ട യേശുവിന്റെ ഉള്ളം നൊന്ത് കലങ്ങി.

യേശു ഗദ്ഗദനായി ചോദിച്ചു.

അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? “കർത്താവേ, വന്നു കാൺക”

അവർ പറഞ്ഞു.

യേശുവിന്റെ കണ്ണുകളിൽ നിന്നും കണ്ണീർ പൊടിഞ്ഞു. യേശു പിന്നെയും നെടുവീർപ്പിട്ടു കൊണ്ട് ശവകൂടിരത്തിൽ എത്തി.

പിന്നീട് നടന്ന സംഭവങ്ങൾ യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നുണ്ട്. യേശു ലാസറിനെ പേർ ചൊല്ലിവിളിച്ച് ജീവനിലേക്കു തിരികെ കൊണ്ടുവരുന്നു. അത്ഭുത സംഭവങ്ങളാണ് ബഥാന്യ ഗ്രാമത്തിൽ സംഭവിച്ചത്.

മരിച്ച ലാസറിനെ ഉയിർപ്പിച്ചു എന്നതിനെക്കാൾ ദു:ഖാർത്തരും നിസ്സഹായരുമായ രണ്ട് സഹോദരിമാരോട് യേശു പ്രദർശിപ്പിച്ച അനുകമ്പയും ആർദ്രതയും ശ്രദ്ധേയമാണ്. വെറും പൊള്ളയായ വാക്കുകളല്ലാ. ആർദ്രത ക്രിസ്തുവിന്റെ ഉള്ളിൽ നിറഞ്ഞ് കണ്ണീർ കണങ്ങൾ ദൈവപുത്രന്റെ കണ്ണുകളിൽ നിറഞ്ഞു തുകൂകയായിരുന്നു.

നമ്മുടെ ഹൃദയ വേദനകൾ കർത്താവ് നല്ലവണ്ണമറിയുന്നു. നമ്മുടെ ആശങ്കകളും വിഹ്വലതകളും അവന് തിരിച്ചറിയാനാകും. നമ്മുടെ ജീവിത പടകിൽ തിരമാലകൾ അടിക്കുമ്പോഴും, ജീവിത വഞ്ചി മുങ്ങി പോകുമെന്ന് നിനക്കുമ്പോഴും ‘വിടുതലും ആശ്വാസവുമൊയി യേശു നാഥൻ അരികെയണയും’

ആകുലതകളും ആശങ്കകളും ഉള്ളം തുറന്നു കർത്താവിനോട് പറയുക. ഭക്തനായ കവിയോട് ചേർന്നു പാടാം.’

‘കഷ്ടം ശോധനകളുണ്ടോ
എവ്വിധ ദു:ഖങ്ങളും ലേശവുമ
ധൈര്യം വേണ്ടാ ചൊല്ലാം
യേശുവോ1ടെല്ലാം..’


## എക്സൽ വിബിഎസ്സ്

നിങ്ങളുടെ സ്ഥലത്തോ സഭയിലോ ഒരു വി.ബി. എസ്. നടത്തുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഇന്നു തന്നെ വിളിക്കുക.

**എക്സൽ വിബിഎസ്സ്**
Ph: 9495834994, 9496325026,
excelvbs@gmail.com

വേദശാസ്ത്ര പഠനം

ക്രമീകൃത ദൈവശാസ്ത്രം

– കഴിഞ്ഞ ലക്കം തുടർച്ച –

# ദൈവശ്വാസീയത



എഡിസൺ തോമസ്, വേങ്ങൂർ

**ദൈവശ്വാസീയത എന്നാൽ എന്ത്?**

ദൈവശ്വാസീയത എന്നതിന്റെ ഗ്രീക്കു വാക്ക് തെയോപ്നുസ് സ്റ്റോസ് (Theopneustos) എന്നതാണ് ഇതിന്റെ അർത്ഥം. നിശ്വസിക്കുക അഥവാ ഊതുക എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ ശ്വസനം എന്നാണ്. വ്യക്തമായി പറഞ്ഞാൽ എല്ലാ തിരുവെഴുത്തും ദൈവത്തിൽ നിന്നും വന്നതാണ്. 11 തിമൊ. 3:16,11 പത്രോസ് 1:20–21, ദൈവത്തിന്റെ മനുഷ്യർ പരിശുദ്ധാത്മാവിലൂടെ അഥവാ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് രേഖകളാക്കിട്ടുള്ള ദൈവീക മർമ്മങ്ങളാണ് ദൈവീക സന്ദേശങ്ങൾ. അതുകൊണ്ട് ഇപ്രകാരം എഴുതപ്പെട്ട ദൈവീക വെളിപ്പാടുകൾ ദൈവ നിശ്വാസീയത അവകാശപ്പെടുന്നു. യേശുക്രിസ്തുവിലൂടെയുള്ള രക്ഷ മാനവ ജാതിയെ അറിയിക്കുകയും ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നത് എങ്ങനെയാണ് എന്നുള്ളത് മനുഷ്യരെ പഠിപ്പിക്കുകയാണ് ദൈവശ്വാസീയതയിലൂടെയുള്ള ദൈവത്തിന്റെ ലക്ഷ്യം.

ദൈവവിശ്വാസീയതയെ ചോദ്യം ചെയ്യുന്ന ചില സിദ്ധാന്തങ്ങൾ ക്രിസ്തീയ മണ്ഡലത്തിലുണ്ട്. അവ-

1) നൈസർഗ്ഗീക കലാസിദ്ധാന്തം
2) പ്രകാശന സിദ്ധാന്തം
3) കേട്ടെഴുത്തു സിദ്ധാന്തം
4) ആശയ വിനിമയ സിദ്ധാന്തം
5) ശക്തീകരണ സിദ്ധാന്തം

പ്രസ്തുത സിദ്ധാന്തങ്ങളെ അംഗീകരിക്കാതെ എല്ലാ യഥാസ്ഥിതിക വേദ ശാസ്ത്രിമാരും ഒരുപോലെ സ്വീകരിക്കുന്ന സിദ്ധാന്തമാണ് സമ്പൂർണ്ണ അക്ഷര പ്രകാരമുള്ള ദൈവശ്വാസീയത.

**കാനോൻ**

സഭയുടെ ആരംഭം മുതൽ ക്രൈസ്തവ സഭ ഉപയോഗിച്ചിരുന്നത് പഴയനിയമത്തിന്റെ ഗ്രീക്കു വിവർത്തനമായ സെപ്റ്റുവജന്റ് ആയിരുന്നു. എന്നാൽ ക്രിസ്തുവിനുശേഷം തന്റെ ഉപദേശങ്ങളും പഠിപ്പിക്കലുകളും മറ്റുള്ളവരിൽ പകരുവാൻ വേണ്ടി ആധികാരികമായ രേഖകൾ ആവശ്യമായി വന്നു. അങ്ങനെ എ.ഡി. 50 മുതൽ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെയും ഉയർത്തെഴുന്നേല്പിനെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് എഴുതപ്പെട്ട പുസ്തകങ്ങൾ നിലവിൽ വന്നു. പ്രസ്തുത പുസ്തകങ്ങളെ സൂക്ഷ്മ പഠനത്തിലൂടെയും പരിശോധനയിലൂടെയും കടത്തിവിട്ടു കനോനികമായി അംഗീകരിക്കുവാൻ കഴിയുന്നതിനെ അംഗീകരിക്കുകയും അല്ലാത്തതിനെ നിരസിക്കുകയും ചെയ്തു. കാനോൻ എന്ന പദം കാനേഹ് എന്ന എബ്രായ പദത്തിൽ നിന്നും കടം എടുത്തതാണ് ഇതിന്റെ ഗ്രീക്ക് രൂപമാണ് കാനോൻ. ഇതിന്റെ അർത്ഥം നടപടി എന്നോ അളവുകോൽ എന്നോ ആണ്. ദൈവശാസ്ത്രപരമായി ഇതിന് മാനദണ്ഡം, ചട്ടം, പ്രമാണം എന്നിങ്ങനെ അർത്ഥമുണ്ടായി. വിശ്വാസത്തിനും, ജീവിതത്തിനും പ്രമാണമായി അംഗീകരിച്ച ഉപദേശങ്ങൾക്കാണ് കാനോൻ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കാനോൻ അംഗീകരിക്കുവാൻ അവലംബിച്ച മാർഗ്ഗങ്ങളാണ്

1. അപ്പോസ്തലികത്വം
2. ഉള്ളടക്കം
3. സാർവ്വത്രികത്വം
4. ദൈവശ്വാസീയത
5. ആത്മീയ വർദ്ധനവ്

ക്രിസ്തീയ വിശ്വാസത്തിനും, നടപടികൾക്കുമായി ദൈവത്താൽ നല്കപ്പെട്ട നിയമാവലി എന്ന് പ്രൊട്ടസ്റ്റന്റ് സഭകൾ വിശ്വസിക്കുന്ന പഴയതും പുതിയതുമായ നിയമങ്ങൾ അടങ്ങിയ 66 പുസ്തകങ്ങൾ അത്രേ വേദപുസ്തക കാനോൻ.

**അപ്പോക്രിഫാ**

'അപ്പോക്രിഫാ' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് മറഞ്ഞിരിക്കുന്നത്, ഒളിഞ്ഞിരിക്കുന്നവ, രഹസ്യമായവ എന്ന നിലയിലാണ്. പഴയ നിയമ ഗ്രന്ഥങ്ങളോടു കൂട്ടിച്ചേർക്കുവാൻ ശ്രമിക്കുന്ന 14 പുസ്തകങ്ങളെയാണ് അപ്പോക്രിഫായായി കണക്കാക്കുന്നത്. പ്രൊട്ടസ്റ്റന്റ് സഭകൾ എതിർത്തതും കത്തോലിക്ക സഭ അംഗീകരിച്ചതുമായ ഈ പുസ്തകങ്ങളെ പ്രധാനമായും അഞ്ചായി തിരിക്കാം.

1. **ചരിത്ര ഗ്രന്ഥങ്ങൾ**

a.എസ്ട്രാസ് ഒന്നാം പുസ്തകം
b. മക്കാബ്യർ ഒന്നും രണ്ടും പുസ്തകങ്ങൾ

2. **ഉപദേശ ഗ്രന്ഥങ്ങൾ**

ശലോമോന്റെ ജ്ഞാനം അഥവാ സിറാക്കേയുടെ പുസ്തകം (സഭാ പ്രസംഗി)

3. **അദ്ധ്യാത്മീക വീരകഥകൾ**

a. തോബിത്ത്
b. ജൂഡിത്ത്

4. **പ്രവാചകങ്ങൾ അഥവാ വെളിപ്പാടു സാഹിത്യം**

a. ബാരുക്ക്
b. എസ്ട്രാസ് രണ്ടാം പുസ്തകം

**പഴയ നിയമത്തിനു അനുബന്ധങ്ങൾ**

a. എസ്ഥേറിന്റെ പുസ്തകത്തിന്റെ ബാക്കി ഭാഗം
b. മനശ്ശെയുടെ പ്രാർത്ഥന
c. ദാനിയേൽ പ്രവചനത്തിലെ അവശേഷം
d. മൂന്നു വിശുദ്ധ മക്കളുടെ പ്രാർത്ഥന
e. സൂസന്നയുടെ കഥ
F. ബേലും മഹാ സർപ്പവും

പുതിയ നിയമത്തിൽ അപ്പോക്രിഫാ പുസ്തകങ്ങൾ എന്ന പ്രത്യേകമായി ഒന്നുമില്ല. എന്നാൽ അപ്പോസ്തലന്മാരുടെ കാലത്ത് പുതിയ നിയമഗ്രന്ഥങ്ങളിൽ ചിലതിനെ ചോദ്യം ചെയ്തിരുന്നു. കൂടാതെ ചില വ്യാജ എഴുത്തുകളും ഉണ്ടായിരുന്നു. കനോനിക ഗ്രന്ഥങ്ങളെ പോലെ അംഗീകരിക്കപ്പെട്ടിരുന്ന പുസ്തകങ്ങളും ഉണ്ടായിരുന്നു എന്ന കാര്യം പ്രത്യേകം ഓർക്കണം. ആ കൂട്ടത്തിൽ ക്ലേമത്തിന്റെ ലേഖനം, ബർന്നബാസിന്റെ ലേഖനം, ഹേർമാസിലെ ഇടയൻ എന്നിവ ഉൾപ്പെടുന്നു.

**പ്രകാശനം**

പ്രകാശനം എന്നതുകൊണ്ട് അർത്ഥമാക്കുന്നതും മനുഷ്യനും ദൈവവചനം മനസ്സിലാക്കുവാൻ വേണ്ടി പ്രത്യേകമാക്കുന്ന കഴിവ് പരിശുദ്ധാത്മാവ് നൽകുന്നുയെന്നുള്ളതാണ് 1കൊരി 2:11 പ്രാകൃത മനുഷ്യനും ഒരിക്കലും ആത്മീക കാര്യങ്ങളെ വിമോചിക്കുവാൻ കഴിയുകയില്ല 1 കൊരി 2:14 ലൂക്കോ 24:44–45 പ്രകാശനം എന്നുള്ളത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാണ് ദൈവവുമായിട്ടുള്ള ശരിയായ ബന്ധമുള്ള വ്യക്തിക്കു എഴുതപ്പെട്ട തിരുവെഴുത്തുകളെ മനസിലാക്കുവാൻ സഹായിക്കുന്നതാണ് പ്രകാശനം. വെളിപ്പാട് ദൈവത്തിൽ നിന്നും മനുഷ്യരിലേക്കും ദൈവശ്വാസീയത മനുഷ്യരിൽ നിന്നും പേപ്പറിലേക്കും, പ്രകാശനം പേപ്പറിൽ നിന്നും ഹൃദയത്തിലേക്കുമാണ് ഉദ്ദേശിക്കുന്നത്.

(തുടരും....)

യുവജന പംക്തി

# ടിവി ചാനലുകൾ ഒരുക്കുന്ന വിനകൾ



ബിനുജോസഫ് വടശ്ശേരിക്കര

ആശയ വിനിമയം (Communication) ആണ് എല്ലാ മാധ്യമങ്ങളുടെയും അത്യന്തിക ലക്ഷ്യം. കാലഘട്ടമനുസരിച്ച് ആശയ വിനിമയ മാധ്യമങ്ങളുടെ നിലവാരവും തരവും വ്യത്യസ്തപ്പെട്ടിട്ടുണ്ട്. ആദ്യകാലഘട്ടങ്ങളിൽ വാമൊഴിയായി (Oral Communication) വിവരങ്ങൾ തലമുറയിൽ നിന്ന് തലമുറയിലേക്ക് കൈമാറിയിരുന്നു. പിന്നീട് തോൽ ചുരുളുകളും പാപ്പിറസും ഉപയോഗിച്ചു തുടങ്ങി. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അച്ചടി (Printing)യുടെ കണ്ടു പിടിത്തം ചരിത്രത്തെ തന്നെ മാറ്റിമറിച്ചു. ഗുട്ടൻ ബർഗ്ഗിന്റെ ഒരു ഗുട്ടൻസായി വേണമെങ്കിൽ ഇതിനെകാണാം. അച്ചിൽ മഷി പുരട്ടി പ്രിന്റു ചെയ്യുന്നത് കണ്ടുപിടിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും പഴമയിൽ തന്നെ തുടരുമായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിൽ ടിവിയും കമ്പ്യൂട്ടറും ഇന്റർനെറ്റും എല്ലാം കൂടി ലോകത്തെ തന്നെ ഒരു ആയിരം വർഷം മുമ്പിലേക്ക് തള്ളിയിരിക്കുന്നു. ലോകം ഒരു കൈപിടിയിൽ ഒതുങ്ങുന്ന സ്ഥിതി വിശേഷം തന്നെ സംജാതമായിരിക്കുന്നു.

ഇന്ന് ഒരു കമ്പ്യൂട്ടറിന്റെ മുമ്പിൽ ഇരുന്നാൽ മതി, നിങ്ങൾക്ക് ലോകത്തിന്റെ ഏതു കോണിൽ നിന്നും എന്തും ലഭ്യമാകും; ഗുണങ്ങൾക്കൊപ്പം ദോഷഫലങ്ങളും സമൂഹത്തിന് സമ്മാനിച്ചാണ് ആധുനിക മാധ്യമങ്ങൾ മുന്നേറുന്നത്. ഒരു പക്ഷേ വിലക്കുകൾ വകവെയ്ക്കാതെ യുവതലമുറ മാധ്യമദുരുപയോഗം തുടരുകയാണ്.

മാധ്യമങ്ങളെ പ്രധാനമായും താഴെ പറയുന്ന രീതിയിൽ തരംതിരിക്കാം.

A. വായ് മൊഴി (Oral Communication)
B. അച്ചടി മാധ്യമങ്ങൾ (Print Medias)
C. ദൃശ്യ മാധ്യമങ്ങൾ (Visual Medias)
D. ഇന്റർനെറ്റ് മാധ്യമങ്ങൾ (Intenet Medias)
E. മൊബൈൽ ഫോൺ (Mobile Phone)
F. മറ്റ് മാധ്യമങ്ങൾ (Mass - Medias)

ഇന്ന് ഏറ്റവും പ്രബലമായിരിക്കുന്നത് ദൃശ്യമാധ്യമങ്ങളും ഇന്റർനെറ്റ്, ഫോൺ മാധ്യമങ്ങളും ആണ്. ഇവ പ്രധാനമായും ഇലക്ട്രോണിക്സ് മീഡിയ (Electronics Media) എന്ന ഗണത്തിൽപ്പെടുന്നവയാണ്. എന്നാൽ ഒറ്റ വാക്യത്തിൽ ഒതുക്കുവാൻ കഴിയാത്തതിനാൽ തന്നെയാണ് വ്യത്യസ്തമായി നൽകിയിരിക്കുന്നത്. മാധ്യമങ്ങളുടെ അതിപ്രസരം ഇന്ന് സമൂഹത്തിൽ എല്ലായ്പ്പോഴും അനുഭവപ്പെടാറുണ്ട്. ഒരു പക്ഷേ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിലുപരിയായി അവയെ വളച്ചൊടിച്ച് ചിത്രീകരിക്കുവാനും ജനവികാരത്തെ ഇളക്കുവാനും ആണ് പലതും ശ്രമിക്കുന്നത്.

യുവജനങ്ങളെയും കുട്ടികളെയും നിയന്ത്രിക്കുന്നത് 'ഇന്നത്തെ മാധ്യമങ്ങളാണ്'

**ദൃശ്യ മാധ്യമങ്ങളും കുട്ടികളും**

ഇന്ന് എല്ലാ വീടുകളിലും ടിവി സുപരിചിതമായിരിക്കുന്നു. എല്ലാ ചാനലുകളും കുട്ടികൾക്കുവേണ്ടി പ്രത്യേകം പരിപ്പാടികൾ അവതരിപ്പിക്കുന്നുണ്ടെങ്കിലും കുട്ടികൾ ഇഷ്ടപ്പെടുന്ന ചാനലുകൾ കാർട്ടൂൺ നൈറ്റ് വർക്ക് (Carton Network) പോഗോ (Pogo) അനി - മാക്സ് (Ani - Max) തുടങ്ങിയവയാണ്. പിന്നെ മറ്റ് ചാനലുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന പരിപ്പാടികളായ റെയ്ലിംഗ് (Wrestling) ഫാഷൻ പരേഡുകൾ, അമാനുഷിക കഥാപാത്രങ്ങൾ ഉൾപ്പെടുന്ന സീരിയൽ, സിനിമകൾ, മറ്റിതര കായികപരിപ്പാടികളും കുട്ടികൾ പൊതുവേ വീക്ഷിക്കുന്നവയാണ്. ഇതിൽ ആദ്യം പറഞ്ഞിരിക്കുന്ന കാർട്ടൂൺ ഡിസ്നിട്യൂൺസ്, പോഗോ, അനി – മാക്സ് തുടങ്ങിയ ചാനലുകളിലെ പരിപ്പാടികൾ കുട്ടികൾ ഉണ്ടാക്കുന്ന സ്വാധീനം വളരെയാണ്. ക്രിയാത്മത ഉളവാക്കുന്ന പരിപ്പാടികൾ ഉണ്ടെങ്കിലും ഇത്തരം ചാനലുകളിലെ പല പരിപാടികളും കുഞ്ഞു മനസ്സുകളിൽ അമാനുഷിക വ്യക്തികളിലെ ആശ്രയവും തെറ്റായ കേന്ദ്രീകരണവും ഉണ്ടാകാം. കാർട്ടൂൺ കഥാപാത്രങ്ങൾക്ക് അടിമയായ കുട്ടികളിൽ അപക്വമായ സ്വഭാവങ്ങൾ പ്രകടമായിട്ടുണ്ട്. മിസ്റ്റർ ബീൻ പോലെയുള്ള പരിപ്പാടികൾ കുട്ടികളുടെ സ്വഭാവത്തെയും ഇടപ്പെടലുകളെയും ബാധിക്കാറുണ്ട്.

റെസ്ലിംഗ് പോലെയുള്ള പരിപ്പാടികൾ കണ്ടിട്ട് വീട്ടിൽ ഗുസ്തിയും റെസ്ലിംഗും നടത്തുന്ന കുട്ടികളും കുറവല്ല. 'ശക്തിമാൻ' എന്ന പരിപ്പാടികണ്ടിട്ട്, ശക്തിമാൻ എന്ന് സ്വയം പറഞ്ഞ് ആറു നില കെട്ടിടത്തിന്റെ മുകളിൽ നിന്ന് എഴുത്തു ചാടിയ കുട്ടിയുടെ അസ്ഥിയും മാംസവും മാത്രമാണ് മാതാപിതാക്കൾക്ക് തിരികെ കിട്ടിയത്.

'കുട്ടിച്ചാത്തൻ' പോലെയുള്ള കഥാപാത്രങ്ങളെ യഥാർത്ഥ ജീവിതത്തിലേക്ക് വിളിച്ചുവരുത്തി കാര്യങ്ങൾ സാധിക്കുവാൻ ശ്രമിക്കുന്ന കുട്ടികളും ഉണ്ട്. മാത്രമല്ല ഇത്തരം കഥാപാത്രങ്ങൾക്ക് ജീവിതത്തിൽ സ്ഥാനം കൊടുക്കുമ്പോൾ അറിയാതെ പിശാചിന് ഇടം കൊടുക്കുകയാണ് ചെയ്യുന്നത്. മാനസിക പ്രശ്നങ്ങൾ, അപക്വതാ അനുസരണക്കേട്, ദൈവഭയമില്ലായ്മ, മറ്റ് പ്രശ്നങ്ങൾ എന്നിവ ഇത്തരക്കാരിൽ അധികമായി കാണാം. മാതാപിതാക്കൾക്ക് പോലും നിയന്ത്രണം വിട്ടുപോകുന്ന അവസ്ഥ സംജാതമാകാറുണ്ട്.

ഇത്തരം പരിപ്പാടികൾക്കിടക്കുള്ള പരസ്യങ്ങൾ കുട്ടികൾക്കുവേണ്ടിയുള്ളതാകണമെന്നില്ല. പ്രായത്തിനു മുമ്പേ കുട്ടികളിൽ തെറ്റായ പലതും കുത്തിനിറക്കുന്നതിൽ ഇത്തരം ചാനലുകൾ വിജയിച്ചിരിക്കുന്നു.

**ചാനൽ നിയന്ത്രണം കുട്ടികൾക്ക്**

ടിവിയുള്ള വീടുകളിൽ ചാനൽ നിയന്ത്രിക്കുന്നത് കുട്ടികളാണ്. കുട്ടികളെ നിയന്ത്രിക്കുന്നത് ചാനലുകളും. ഈ രഹസ്യം നന്നായി അറിയാവുന്നതിനാലാണ് കുട്ടികളെ ആകർഷിക്കുന്ന പരിപ്പാടികൾ കൂടുതലായി ചാനലുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; കുട്ടികളിലെ തിരഞ്ഞെടുപ്പു ശേഷി രൂപപ്പെടുവാൻ അനുവദിക്കാതെ പ്രത്യേക ചിലതിൽ മാത്രം അവരെ പിടിച്ചിരുത്തുന്നതിൽ പല ചാനലുകളും വിജയിച്ചിട്ടുണ്ട്.

തൊട്ടിലിൽ കിടക്കുന്ന കുഞ്ഞിന് ടി. വി. ഓൺ ചെയ്ത് കൊടുത്തിട്ട് വീട്ടുജോലികളിൽ വ്യാപൃ

ശേഷം പേജ്: 10

# റൈറ്റേഴ്സ് ഫോറം കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**മുംബൈയ്:** ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 28 മുതൽ മെയ് 1 വരെ നവിമുംബൈയ് വാഷി അലയന്റ്സ് ചർച്ചിൽ വെച്ചു നടക്കുന്ന സുവിശേഷ മഹായോഗത്തിന്റെ ഒരുക്കങ്ങൾ വിവിധ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. "യേശുക്രിസ്തുവിന്റെ പുനരാഗമനവും, ഭാവികാല സംഭവങ്ങളും" എന്നതാണ് ചിന്താവിഷയം. പാസ്റ്റർ മോൻസി.കെ. വിളയിൽ (ജനറൽ കൺവീനർ), പാസ്റ്റർ കെ.ജോൺസൺ (പ്രോഗ്രാം കോ - ഓർഡിനേറ്റർ), പാസ്റ്റർ പോൾ വർഗീസ് (കറസ്പോണ്ടൻസ് & അക്കോമഡേഷൻ) പാസ്റ്റർ ബിജോയി.കെ. തോമസ് (പ്രാർത്ഥന), ബ്രദർ ചാക്കോ പാലക്കൽ (പബ്ലിസിറ്റി), ബ്രദർ കുഞ്ചെറിയ (ഫിനാൻസ്), ബ്രദർ സന്തീപ് ജോൺ (വോളണ്ടിയേഴ്സ് & ട്രാൻപോട്ടേഷൻ) എന്നിവരുടെ നേതൃത്വത്തിലാണ് ഒരുക്കങ്ങൾ പുരോഗമിക്കുന്നത്.

# ബൈബിൾ സെമിനാർ

**കൊട്ടാരക്കര:** കലയപുരം ജീസസ് & ഫ്രണ്ട്സ് ബിബ്ലിക്കൽ സെമിനാരിയിൽ ഡിസം. 2-8 വരെ ബൈബിൾ വ്യാഖ്യാന മാതൃക, കൗൺസലിംഗ് എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാർ നടന്നു. പ്രസിഡന്റ് റവ. ഡോ. ജോൺ ശമുവേൽ ഉൽഘാടനം ചെയ്തു. പ്രിൻസിപ്പൽ കെ. പി. തോമസിന്റെ അദ്ധ്യക്ഷതയിൽ റവ. ഡറിക്, റവ. നോയമി എന്നിവർ ക്ലാസെടുത്തു. പാസ്റ്റർ. വി. പി. ഫിലിപ്പ്, ബിനു ജേക്കബ്, പാസ്റ്റർ. വിനീത് ബാബു, വൈ. അച്ചൻകുഞ്ഞ്, വർഗീസ് മരത്തിനാൽ എന്നിവർ പ്രസംഗിച്ചു.

# കൺവൻഷൻ

**പത്തനംതിട്ട:** ഐ.പി.സി. പത്തനംതിട്ട സെന്റർ 54-ാമത് കൺവൻഷൻ ജനുവരി 5-9വരെ പത്തനംതിട്ട ജിയോ ഗ്രൗണ്ടിൽ നടന്നു. പാസ്റ്റർ വിത്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ സുവി. പി.ഐ. ഏബ്രഹാം, വർഗ്ഗീസ് ഏബ്രഹാം, ഫിലിപ്പ്.പി. തോമസ്, ബാബു ചെറിയാൻ, വത്സൺ ഏബ്രഹാം, തോമസ് വർഗീസ്, പി.പി.മാത്യു എന്നിവർ പ്രസംഗിച്ചു. ഏഴംകുളം യരുശലേം വോയ്സ് ഗാനങ്ങളാലപിച്ചു. സോദരീസമാജം വാർഷികം, സണ്ടേസ്കൂൾ & പി.വൈ.പി.എ. വാർഷികം തുടങ്ങിയവയും നടന്നു. 9-ാം തീയതി രാവിലെ സംയുക്ത സഭായോഗവും നടന്നു. പാസ്റ്റർമാരായ ജിജി ചാക്കോ തേക്കുതോട്, സാം പനച്ചയിൽ, ബ്രദർ റ്റി.റ്റി. ബേബി, സി.വി. മാത്യു എന്നിവർ നേതൃത്വം നൽകി.

# താലിബജാവോ പ്രകാശനം ചെയ്തു



ഡോ. പി.എസ്.ഫിലിപ്പ്, പാസ്റ്റർ തോമസ് ഫിലിപ്പിന് നൽകുന്നു. പാസ്റ്റർ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ, പി. എ. മത്തായി ബാബു എന്നിവർ സമീപം

**പുനലൂർ:** എക്സൽ മിനിസ്ട്രീസ് പുറത്തിറക്കിയ പ്രഥമ ഹിന്ദി വി.സി.ഡി പുനലൂരിൽ വച്ചു നടന്ന എ.ജി. ജനറൽ കൺവൻഷനിൽ വച്ച് ഡോ. പി.എസ്.ഫിലിപ്പ്, പാസ്റ്റർ തോമസ് ഫിലിപ്പിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. പാസ്റ്റർ ബിനു വടശ്ശേരിക്കര, അനിൽ ഇലന്തൂർ എന്നിവർ നേതൃത്വം നൽകി. പാസ്റ്റർമാരായ ബാബു ജോർജ്ജ്, കെ. ജെ. മാത്യു എന്നിവർ സന്നിഹിതരായിരുന്നു. എക്സൽ മീഡിയയാണ് ഈ വി.സി.ഡി പുറത്തിറക്കിയിരിക്കുന്നത്. അലക്സ് മാത്യു പത്തനംതിട്ട സംവിധാനം നിർവഹിച്ചിരിക്കുന്ന ഈ വി.സി.ഡി ബീഹാറിലെ പൂർണിയ, പാറ്റ്ന എന്നിവിടങ്ങളിൽവച്ചാണ് ചിത്രീകരിച്ചിരിക്കുന്നത്. വില 100 രൂപ. കൂടുതൽ വിവരങ്ങൾക്ക് എക്സൽ മിനിസ്ട്രീസ്. പി.ബി. നമ്പർ-82, പത്തനംതിട്ട, കേരള 689646. ഫോൺ: 09495834994,09496325926

# കൺവൻഷൻ

**ചെങ്ങന്നൂർ:** ഐ.പി.സി. ചെങ്ങന്നൂർ സെന്റർ 21-ാമത് കൺവൻഷൻ ജനു. 5-9 വരെ കടപ്ര യു.പി. സ്കൂളിന് സമീപം നടന്നു. പാ. കെ. എം. ജോണിന്റെ അദ്ധ്യക്ഷതയിൽ പാ. ടി.എസ്. ഏബ്രഹാം ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർമാരായ കെ.എം. ജോസഫ്, ജേക്കബ് ജോർജ്ജ് ബി. മോനച്ചൻ, വറുഗീസ് ഏബ്രഹാം, എം.പി. ജോർജ്ജുകുട്ടി എന്നിവരും സംസാരിച്ചു. ഞായർ രാവിലെ 9 മണിമുതൽ പാ. കെ.എം. ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന സംയുക്ത ആരാധനയിൽ പാ. ബേബി വറുഗീസ് (ഐ.പി.സി. ജനറൽ വൈസ്. പ്രസിഡന്റ്) മുഖ്യ സന്ദേശം നല്കി. കർതൃദാസന്മാരായ കെ.പി. കോശി, നൈനാൻ ഏബ്രഹാം, എം. വി. മോനച്ചൻ, കെ.കെ. ജോസഫ്, മോൻസി എം. ജോൺ, എം.ഒ. ജോർജ്ജ് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തിച്ചു.

# തെരഞ്ഞെടുത്തു



**തൃശ്ശൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രിക സംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ തൃശ്ശൂർ-പാലക്കാട് സോണൽവാർഷിക ജനറൽ ബോഡി 12 ന് പറവട്ടാണി ശാരോൻ ചർച്ചിൽ നടത്തപ്പെട്ടു. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ജെ. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ വെച്ച് താഴെ പറുന്നവരെ 2010 -2012 വർഷത്തെ ഭാരവാഹികളായി തിരഞ്ഞെടുത്തു. പാസ്റ്റർ സനൽ വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ കെ.പി. സുരേഷ്, പാസ്റ്റർ ഷാജി ചാക്കോ (വൈസ് പ്രസിഡന്റുമാർ) സാജൻ സി. ജേക്കബ് (ജനറൽ സെക്രട്ടറി), ഷിജു സി.വി. (ജോ. സെക്രട്ടറി), രാജേന്ദ്രപ്രസാദ് (താലന്തു പരിശോധന കൺവീനർ), നിഖിൽ സേവ്യർ (ഓർഗ്ഗനൈസർ), വർഗ്ഗീസ് പോൾ (ട്രഷറർ)

# 14-ാമത് സെന്റർ കൺവൻഷൻ

**കലയപുരം:** ഐ.പി.സി. കലയപുരം സെന്റർ കൺവൻഷൻ 2011 ജനുവരി 26 ബുധൻ മുതൽ 30 ഞായർ വരെ കലയപുരം ടൗൺഹാളിൽ നടക്കുന്നതാണ്. സെന്റർ പാസ്റ്റർ കെ. വി. തോമസ് ഉദ്ഘാടനം നടത്തുന്ന കൺവൻഷനിൽ പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ റ്റി. ഡി. ബാബു, പാസ്റ്റർ ഫിലിപ്പ്. പി. തോമസ് (സ്റ്റേറ്റ് സെക്രട്ടറി), പാസ്റ്റർ കെ. കെ. ചെറിയാൻ, പാസ്റ്റർ കെ. സി. തോമസ് (സ്റ്റേറ്റ് വൈ. പ്രസിഡന്റ്) പാസ്റ്റർ ബഞ്ചമിൻ വർഗ്ഗീസ് (ജന. ജോ. സെക്രട്ടറി), എന്നിവർ വചനം സംസാരിക്കും. ശനിയാഴ്ച സോദരി സമാജം, സൺഡേസ്കൂൾ, പി. വൈ. പി. എ. എന്നിവയുടെ വാർഷികവും ഞായറാഴ്ച രാവിലെ 8.30 മുതൽ സംയുക്താരാധനയും നടക്കും. കൺവൻഷൻ കൺവീനറായി പാസ്റ്റർ ജെ. ബിജുമോൻ കിളിവയൽ പ്രവർത്തിക്കുന്നു.

# കിഡ്സ് & ടീൻസ് ഫെസ്റ്റ്

**തിരുവല്ല:** തിരുവല്ലയിലെ സഭകളുടെ സംയുക്ത ആഭിമുഖ്യത്തിൽ കിഡ്സ് & ടീൻസ് ഫെസ്റ്റ് വിജയകരമായി നടത്തപ്പെട്ടു. 2011 ജനുവരി 2 ന് നടത്തപ്പെട്ട പ്രോഗ്രാമിൽ വിവിധ സഭകളിൽ നിന്നും കുട്ടികളും കൗമാരക്കാരും പങ്കെടുത്തു. തിരുവല്ലായിലെ സഭകളുടെ സംയുക്ത വേദിയായ തിരുവല്ല വി.ബി. എസ്സ് & ടീൻ ചലഞ്ച് കമ്മറ്റിയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. തിമഥി ഇൻസ്റ്റിറ്റ്യൂട്ട് സെക്ഷനുകൾക്ക് നേതൃത്വം നൽകി.

## ചോദ്യോത്തര വേദി

# രക്ഷിക്കപ്പെടാതെ സുവിശേഷ പ്രവർത്തനം ചെയ്യാമോ?




**ചോദ്യം:** കർത്താവിന്റെ പ്രത്യക്ഷതയുമായി ബന്ധപ്പെട്ട സുവിശേഷ ട്രാക്റ്റുകളുമായി നടക്കുന്ന ഒരു സുവിശേഷകനോട് ഞാൻ ചോദിച്ചു: "ഇന്ന് വൈകുന്നേരം കർത്താവ് വന്നാൽ, കർത്താവിനെ സ്വീകരിക്കുവാൻ നിങ്ങൾ മദ്ധ്യാകാശത്തിൽ എടുക്കപ്പെടുമോ? അദ്ദേഹം അല്പം പതറിപ്പോയി. 'നിങ്ങൾക്ക് തന്നെ ഉറപ്പില്ലാത്ത ഒരു വിഷയം ബാക്കിയുള്ളവർക്ക് എന്തിന് വിളമ്പി നടക്കുന്നു' എന്ന് വീണ്ടും ചോദിച്ചു. അദ്ദേഹത്തിന് ഈ പ്രവർത്തി കൊണ്ട് വളരെ ഗുണമൊക്കെ ദൈവത്തിൽ നിന്ന് കിട്ടുന്നുണ്ടെന്ന് പറഞ്ഞു. എന്നാൽ ഉത്തരങ്ങൾക്ക് വ്യക്തതയില്ലായിരുന്നു. രക്ഷയുടെ ഉറപ്പില്ലാതെ സുവിശേഷ പ്രവർത്തനം ചെയ്യുന്നത് ശരിയാണോ? രക്ഷയുടെ ഉറപ്പുള്ളവരെ എങ്ങനെ തിരിച്ചറിയാം.?

**ഉത്തരം:** ദൈവത്തിന്റെ ദാനമായ സാജന്യരക്ഷ ഈ ജീവിതത്തിൽ ഉറപ്പാക്കാവുന്ന സ്ഥിതിക്ക്, രക്ഷയുടെ ഉറപ്പില്ലാതെ ആരും സുവിശേഷ പ്രവർത്തനം ചെയ്യാൻ പാടില്ല. മാത്രമല്ല, **ഏതു വിമർശനവും ചോദ്യവും അഭിമുഖീകരിക്കാനുള്ള വിനയവും താഴ്മയും** സുവിശേഷ പ്രവർത്തകർക്ക് ഉണ്ടായിരിക്കണം. ".... നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറയുവാൻ എപ്പോഴും ഒരുങ്ങിയിരിക്കുവിൻ" (1 പത്രോസ് 3:15)

**രക്ഷയുടെ ഉറപ്പുള്ളവരെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ**

1) ഒരുവൻ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടോ, ക്രിസ്തീയ മേൽവിലാസമുള്ളതുകൊണ്ടോ, ഏതെങ്കിലും ക്രിസ്തീയ സഭാവിഭാഗങ്ങളിൽ അംഗത്വം സ്വീകരിച്ച് തീഷ്ണതയോടുകൂടി പ്രവർത്തിച്ചതുകൊണ്ടോ ക്രിസ്ത്യാനിയാകുന്നില്ല. യേശുക്രിസ്തു അവനെ രക്ഷിക്കുമെന്ന് വ്യക്തിപരമായി വിശ്വസിക്കുകയും മനുഷ്യനായി ജനിച്ചു ജീവിച്ച് മരിച്ച് ഉയർത്തെഴുന്നേറ്റ യേശു തന്നെ ദൈവമെന്ന് സ്വന്തം വായ് കൊണ്ട് ഏറ്റു പറയുകയും ചെയ്ത/ ചെയ്യുന്ന വ്യക്തിയാണ് ക്രിസ്ത്യാനി (റോമർ 10:9,10). അതുകൊണ്ട് ഒരുവൻ രക്ഷിക്കപ്പെട്ട/ വീണ്ടും ജനിച്ച/ കർത്താവിനെ വിശ്വസിച്ച ദിവസം അല്ലെങ്കിൽ കാലഘട്ടം രക്ഷിക്കപ്പെട്ടവന് ചൂണ്ടികാണിക്കുവാൻ കഴിയും. അതാണ് രക്ഷിക്കപ്പെട്ടു എന്നുള്ളതിന്റെ ആദ്യത്തെ തെളിവ്.

2) അഞ്ച് ഇന്ദ്രിയങ്ങളിൽ നിന്ന് (കണ്ണ്, ചെവി, മൂക്ക്, വായ്, ത്വക്ക്) ലഭിക്കുന്ന മാനുഷിക ജ്ഞാനത്തേക്കാൾ അധികം **കർത്താവിന്റെ കല്പനകളെ അനുസരിക്കുന്നവൻ** തീർച്ചയായും രക്ഷിക്കപ്പെട്ടവനാണ്. "അവന്റെ കല്പനകളെ പ്രമാണിക്കുന്നുവെങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം (യേശു) അവനിലില്ല". (1 യോഹന്നാൻ 2:3-5)

നിത്യ ജീവിതത്തിലെ അനുസരണമാണ് (പ്രവൃത്തിയാണ്) വിശ്വാസത്തിന്റെ തെളിവ്. രക്ഷിക്കപ്പെട്ട യുവാവിന്റെ വിവാഹാലോചനയിൽ, രക്ഷയുടെ അനുഭവമില്ലാത്ത ഒരു പെൺകുട്ടിയെ വിദ്യാഭ്യാസവും സമ്പത്തും കുടുംബസ്ഥിതിയും നല്ല അളവിലുണ്ടെങ്കിലും വിവാഹം കഴിക്കാൻ പാടില്ല. അവിശ്വാസിയുമായി വിവാഹ ബന്ധം പാടില്ല എന്നുള്ള കർത്താവിന്റെ കല്പന (2 കൊരി 6:14-18) അനുസരിക്കുന്നുണ്ടോ എന്നുള്ളതാണ് ആ സന്ദർഭത്തിലെ അനുസരണം.

3) ദൈവഹിതത്തിന് വിരുദ്ധമായ തത്വശാസ്ത്രങ്ങളിലും മൂല്യങ്ങളിലും ആകർഷിക്കപ്പെടാതെ, യോഗ, കരാട്ടെ, ജീവനകല, മറ്റു മതങ്ങൾ, സസ്യാഹാരത്തിൽ കൂടിയുള്ള രക്ഷ, കൈനോട്ടം, ജാതകം, സംഖ്യാശാസ്ത്രം മുതലായവയിൽ ആകർഷിക്കപ്പെടാതെ, ഏതു നിമിഷവും നമ്മെ നന്മയിലേക്ക് നയിക്കുവാൻ തയ്യാറുള്ള പരിശുദ്ധാത്മാവാം ദൈവത്തെ ആശ്രയിച്ച്, സന്തോഷിപ്പിക്കുന്നവൻ തീർച്ചയായും രക്ഷിക്കപ്പെട്ടവനാണ്. 'ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്; ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല". (1 യോഹ 2:15)

4) സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ ഒരാൾ വീണ്ടും ജനിച്ചിരിക്കുന്നു എന്നറിയാം (1 യോഹന്നാൻ 3:14). ബാങ്കിലുള്ള തുക പിൻവലിച്ച് ആവശ്യത്തിലിരിക്കുന്ന സഹോദരന്റെ ജീവിതത്തിലേക്ക് കടന്നുചെന്ന് കുറഞ്ഞപക്ഷം ബാങ്ക് പലിശയ്ക്കെങ്കിലും കടം കൊടുത്ത് സഹായിക്കുന്നതത്രേ സ്നേഹം. പല സഭകളിലും ഞെരുക്കത്തിലിരിക്കുന്ന സഹോദരന്റെ ആവശ്യങ്ങൾക്ക് ചെവികൊടുക്കാതെ, സാമ്പത്തിക നന്മകൾ കൂടുതലുള്ളവർ ആർഭാടങ്ങൾക്ക് വേണ്ടി ധാരാളം പണം ചിലവാക്കാറുണ്ട്.

5) തമ്മിലുള്ള പരിശുദ്ധാത്മാവിന്റെ അധിവാസത്തെക്കുറിച്ച് വ്യക്തമായ ബോദ്ധ്യം നമുക്കുണ്ടെങ്കിൽ, നാം രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്നതിന്റെ തെളിവാണ്. 'യേശു നമ്മിൽ വസിക്കുന്നു എന്ന് അവൻ തന്ന ആത്മാവിനാൽ നാം അറിയുന്നു' (1 യോഹന്നാൻ 3:24). നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവിനോടു കൂടെ സാക്ഷ്യം പറയുന്നു'. (റോമ 8:16)

കാര്യവും സ്വല്പം സ്വകാര്യവും

# വംശനാശം നേരിടുന്ന മനുഷ്യ ജന്മങ്ങൾ



ടീയെസ്. കപ്പമാംമൂട്ടിൽ
(അരിസോണ)
teeyeskappa@hotmail.com

ഒരു നല്ല സ്നേഹിതൻ ആരാണെന്ന് ഒരു ന്യായ ശാസ്ത്രി ഒരിയ്ക്കൽ കർത്താവിനോടു ചോദിച്ചു. അതിനു മറുപടിയായി കർത്താവ് പറഞ്ഞ കഥ 'നല്ല ശമര്യാക്കാരന്റെ കഥ' എന്ന പേരിൽ വിശ്വ പ്രസിദ്ധമാണ്. ആത്മീകതയുടെ പൊയ്മുഖമണിഞ്ഞ കപടഭക്തന്മാരുടെയിടയിൽ നന്മയുടെ പ്രതീകമായി നില്ക്കുന്ന അന്യജാതിക്കാരനായ ശമര്യാക്കാരൻ ആരുടെയും മനസ്സിന്റെ അഗാധതലങ്ങളെ സ്പർശിക്കും.

യാത്രക്കാരെ പിച്ചിച്ചീന്തുന്ന കള്ളന്മാരും, അർദ്ധപ്രാണനായി വഴിയോരത്ത് കിടക്കുന്ന യാത്രക്കാരും, മുറിവേറ്റു കിടക്കുന്നയാത്രക്കാരെകണ്ട് വഴിമാറി നടന്നുപോകുന്ന പുരോഹിതന്മാരും, ലേവ്യരുമൊക്കെ ആത്മീക മണ്ഡലത്തിൽ സ്ഥിരം കാഴ്ചയാണ്. ഈ സ്ഥിരം കഥാപാത്രങ്ങളുടെ ഇടയിൽ അപൂർവ്വമായി ചില നല്ല ശമര്യാക്കാർ രംഗത്ത് മിന്നിമറയാറുണ്ട്. പക്ഷെ, അങ്ങനെയുള്ളവരെ കാണണമെന്നുണ്ടെങ്കിൽ കണ്ണിൽ എണ്ണയൊഴിച്ച് ദിനരാത്രങ്ങൾ കാത്തിരിക്കണമെന്നുമാത്രം. കർത്താവുപറഞ്ഞ 'നല്ല ശമര്യക്കാരൻ' എന്ന കഥയുടെ ഇതിവൃത്തം അടിസ്ഥാനമാക്കി ഇന്നത്തെ പശ്ചാത്തലത്തിൽ ആ കഥയൊന്ന് പുനർ സൃഷ്ടി നടത്തുകയാണ്. അത്യന്താപേക്ഷിതമായ ഭേദഗതികളോടെ ആത്മീക മണ്ഡലത്തിലെ ജീവസ്സുറ്റ ചില മനുഷ്യാത്മാക്കളുടെ രൂപവും, ഭാവവുമൊക്കെ സൂക്ഷ്മ ദൃക്കുകൾക്ക് ഈ കഥയിലെ കഥാപാത്രങ്ങളിൽ കണ്ടെത്തുവാൻ കഴിഞ്ഞേക്കാം. അതുകൊണ്ടു തന്നെ സ്നേഹപൂർണ്ണമായ ഒരു മുന്നറിയിപ്പ്.

ഈ കഥയിലെ കഥാപാത്രങ്ങൾക്കൊ, സംഭവങ്ങൾക്കൊ ജീവിച്ചിരിക്കുന്നവരുമായോ, മരിച്ചവരുമായോ, ഇനിയും ജനിക്കുവാൻ പോകുന്നവരുമായോ ഒരു ബന്ധവുമില്ലായെന്നും, അങ്ങനെ എന്തെങ്കിലും ബന്ധങ്ങൾ ആർക്കെങ്കിലും തോന്നിയാൽ അത് തികച്ചും യാദൃശ്ചികമാണ് എന്നും, അതിൽ ഈയുള്ളവൻ ഉത്തരവാദിയല്ലായെന്നും ഉറപ്പിച്ചും തറപ്പിച്ചും ഉൽഘോഷിച്ചുകൊണ്ട് നല്ല ശമര്യാക്കാരൻ എന്ന പഴയ വീഞ്ഞ് പുതിയ തുരുത്തിയിൽ പകരട്ടെ.

ഒരിയ്ക്കലൊരു സഞ്ചാരി യെരുശമേലിൽ നിന്ന് യെരിഹോവിലേക്ക് യാത്ര ചെയ്യുകയായിരുന്നു. യാത്രയ്ക്കിടയിൽ കള്ളന്മാരുടെ കരങ്ങളിൽ ആ മനുഷ്യൻ പെട്ടു. അവർ അവന്റെ വസ്ത്രം അഴിക്കുകയും, ക്രൂരമായി മർദ്ദിച്ച് അവശനാക്കി പാതയോരത്ത് ഉപേക്ഷിക്കുകയും ചെയ്തു. അവന്റെ സർവ്വ സമ്പാദ്യങ്ങളുമായി കഠിനഹൃദയരായ കള്ളന്മാർ സ്ഥലം കാലിയാക്കിയപ്പോൾ അർദ്ധപ്രാണനായ സഞ്ചാരിക്ക് ശബ്ദമുയർത്തി നിലവിളിക്കാൻ പോലും ശക്തിയുണ്ടായിരുന്നില്ല.

ദീർഘ സമയത്തെ കാത്തിരിപ്പിനുശേഷം ആ വഴി ഒരു ക്രിസ്ത്യാനിയെത്തി. ചുമലിൽ ഒരു മരക്കുരിശു വഹിക്കുന്നതിനേക്കാൾ, കഴുത്തിലൊരു സ്വർണ്ണക്കുരിശു ചുമക്കുന്നതിൽ അദ്ദേഹം അഭിമാനം കൊണ്ടു. കഴുത്തിനെ വട്ടം ചുറ്റിയ, കയറുപോലെയുള്ള സ്വർണ്ണമാലയുടെ ഒരറ്റം ഉദരത്തിനുമുമ്പിൽ നാഴികമണിയുടെ പെൻഡുലം പോലെ ആടിക്കൊണ്ടിരുന്നു. അതിന് ഒത്ത മദ്ധ്യത്തിലായി തങ്കപ്രഭവിതറുന്ന കുരിശുരൂപം.

തങ്കക്കുരിശിലൂടെ സ്നേഹപൂർവ്വം വിരലുകളോടിച്ച് നടന്നുവന്ന ക്രിസ്ത്യാനിയുടെ അധരങ്ങൾ അമർന്ന സ്വരത്തിൽ മന്ത്രിച്ചു –

'കർത്താവെ, യഹൂദൻ അങ്ങയ്ക്കു നൽകിയത് ഒരു മരക്കുരിശാണെല്ലോ. ഇനിയും എനിക്ക് ഒരവസരം ലഭിച്ചാൽ അങ്ങയ്ക്ക് മരക്കുരിശല്ല, ഒരു പൊൻകുരിശു തന്നെ ഞാൻ നൽകും.

കഴുത്തിൽ തങ്കക്കുരിശു ചുമക്കുന്ന ത്യാഗിയായ ക്രിസ്ത്യാനിയെ കണ്ടപ്പോൾ, അർദ്ധപ്രാണനായ സഞ്ചാരികേണു –

'രക്ഷിക്കണേ...പ്ലീസ്... രക്ഷിക്കണേ....'

രക്തത്തിൽ കുളിച്ചു കിടക്കുന്ന മനുഷ്യക്കോലം കണ്ട് ക്രിസ്ത്യാനി ഞെട്ടി –

'ഈ വഴിയോരത്തു കിടന്നു നിലവിളിക്കാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വന്നു?'

വളരെ ബുദ്ധിമുട്ടി സഞ്ചാരി പറഞ്ഞു–

'ക്ഷമിക്കണെം... കണ്ണിൽ ചോരയില്ലാത്ത കുറെ കള്ളന്മാർ എന്നെ അക്രമിച്ചു മുറിവേല്പിച്ച് ഈ വഴിയരികിൽ തള്ളി. എന്റെ സകല സമ്പാദ്യങ്ങളുമായി അവർ കടന്നുകളഞ്ഞു'.'

'സ്നേഹിതാ, ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല'. ശബ്ദം താഴ്ത്തി ക്രിസ്ത്യാനി പറഞ്ഞു. 'പക്ഷെ, ദൗർഭാഗ്യവശാൽ, നിങ്ങളിപ്പോൾ സമൂഹത്തിന് ഒരു തലവേദനയായി മാറിയിരിക്കുകയാണ്'.

'സാറെ.. വല്ലാതെ ദാഹിക്കുന്നു... ഒരല്പം വെള്ളം... പ്ലീസ്'

'നിങ്ങളെ വാസ്തവമായി സഹായിക്കണമെന്ന് എനിക്ക് ആത്മാർത്ഥമായ ആഗ്രഹമുണ്ട്. എന്നാൽ എന്റെ കൈയ്യിലിപ്പോൾ ചില്ലിക്കാശുപോലുമില്ല. മാത്രമല്ല,

ശേഷം പേജ്: 09

Story

# Tucson Tragedy and The Eve Mindset



Dr. Leena Johns

I thought of Eve.

And the blame-game that started at the beginning of the fall of humanity in the Garden of Eden.

Like most of us, I heard the breaking news of the Tucson shooting tragedy in Arizona, USA, where a deranged 24 year old Jared Loughner shot at Congresswoman Gabrielle Giffo rd and then opened fire on innocent people who had gathered to interact with her with shock and dismay. And as the news slowly moved away from the victims and the heroes of the day- one of them even stemming the blood flow from Gifford's head with his bare hands and the heroic few others who tackled the gunman to the ground as he took time to reload his weapon- to its political ramifications and how America went about to assimilate, analyze, cognize and present its stance to the world in the wake of this national tragedy, especially the results of the introspection of the plausible reasons behind the provocation- I watched in muted horror.

It was the Garden of Eden once again, with Adam blaming Eve and Eve blaming the serpent, all over again... And Ah! Well the serpent…well, he wasn't presented with an opportunity to blame anyone... But I can bet you my last penny, he would have blamed the woman and vice versa had the opportunity presented.

While the aim of this article is not to diagnose if Jared Loughner was politically motivated or if he was an insane schizophrenic, whose timing of the deplorable act so soon after the heated rhetoric by Sarah Palin was just a convenient happenstance for political PR machine and opportunists to piggyback on and begin their next round of punches, it's in the interest of this article to understand how we as humans, have the Eve mindset when it comes to putting the blame elsewhere.

I do not intend to defend Sarah Palin nor hold her responsible for her intemperate political language that may or may not have stewed the brain of the already deranged individual held accountable for the tragic actions of the day. I do not know if Sarah Plain's hyperbole or if her website that carried, in the run-up to last year's mid-terms, a map of vulnerable Democrat-held seats, each marked with the cross-hairs of a gun-sight that one sees on a rifle target practice, including over the Arizona district is in, some convoluted way, a mockingbird call to a deranged mind to wield a gun on innocent people. But I do find it disturbing not to comment on how the political opportunists have reacted to assign blame -ELSEWHERE.

Although it wouldn't be beyond the scope of this article to point out here that both the left and the right wings, in the recent past have indulged in a fair share of political rhetoric that often bordered on a call to violence. One has often seen Right-wing radios and television routinely indulge in the language of "armed resistance" to the "tyranny" that resides in Washington DC as though Obama was a national foe or tyrant and not the elected President of a united country. Similarly the left have often projected numerous images of President Bush with a gun to his temple; or the T-shirt image of blood running down over the words, "Kill Bush." I also do remember in 2008 Barack Obama, said of Republicans, "If they bring a knife to the fight, we bring a gun." He has also referred to them as the "enemy". But that does not mean that they are the enemy that one has to annihilate literally, it's just an analogy used in speech and nothing more. He was not instigating anyone to take a gun to the Republicans when he made that statement. This just goes to show that these imageries and heated rhetoric are but natural in a political arena anywhere in the world and not unique to just an American political stage. Rambunctious debate is central to America's democracy and to any free and fair democratic country for that matter. Although such hyperbole may not be particularly clever or useful to swing voter sentiments, it is unjustified and even a careless and miscalculated leap to suggest that a 9 year old girl and 5 others who died in that attack are in such a state because of this.

Don't point your finger at someone else and try to pass the blame! My complaint, you priests, is with you." Hosea 4:4 (NLT)

It is my personal opinion and one that's definitely shared by many across America and the world that it's the gun laws that have to be blamed, if anything has to blamed at all in this tragedy. This is the only thing certain in this tragic aftermath. The causal relationship between vicious talk and violent action is far less certain. It is but an undeniable truth that in no other decent country could any civilian leave alone a deranged one with previous incidences of antisocial behavior could legally get his hands on a Glock semi automatic. More Americans were killed by guns in the 18 years between 1979 and 1997 than died in all of America's foreign wars since its independence. Around 30,000 people a year are killed by one of the almost 300 million guns in America—almost one for every citizen. Those deaths are not just murders and suicides: some are accidents, often involving children. We blame the individ uals, not the guns. It's like blaming a 2 year old baby for reaching out for a kitchen knife that has been carelessly left within his reach.

Without taking political sides, or even beseeching Chris tian ideologies into deciding political loyalty, maybe it's time to open one's eyes and realize that America has the developed world's highest murder rate and easiest access to guns, so violent political rhetoric that paints government as an enemy is certainly us stopping to hoodwink others and ourselves by ignoring the real reasons and playing the blame-game.

As human beings it's within our nature, since the inaugural first round of the blame-game started in the Garden of Eden, to be blame-shifters. We blame tobacco companies and sue them for giving us cancer; we blame the church for our lack of spiritual growth. We blame God for the poor choices we make in our lives.

In Exodus 32:1-8, 19-24 we read about blame-shifter Aaron. While Adam and Eve, to their

➤07

## ഡോ.കോര സംസാരിക്കുന്നു



1. “അന്നു വല്ഗിതത്താൽ ശൂര വല്ഗിതത്താൽ കുതിരകുളമ്പടികൾ ഘട്ടനം ചെയ്തു.’ ഇതെന്തുവാണെന്ന് ഡോ.കോരയ്ക്ക് അറിയാമോ? **– ബേബി, പത്തനംതിട്ട**

*പൊരുൾ തിരിയ്ക്കാൻ പ്രശസ്തൻ കുറ്റപ്പുഴക്കാരനാ*

2. ഡോ. കോരയുടെ കൂരമ്പേറ്റ് പിടയുന്നവർ മാധ്യമവിചാരകനെ ശപിയ്ക്കുന്നു **– മാധ്യമവിചാരകൻ**

*സാരമില്ല, ശാപം മുറിയ്ക്കലിൽ ഡോക്ടറേറ്റ് എടുത്തിട്ടുള്ള റവ വിമാന സ്റ്റാന്റ് പണികഴിഞ്ഞാൽ ഉടനെ അവിടെ എത്തും.*

3. അടുത്തു നടക്കുവാൻ പോകുന്ന ഞങ്ങളുടെ കൺവൻഷന് ഒരു ചിന്താവിഷയം പറഞ്ഞു തന്നു സഹായിയ്ക്കാമോ? **– ജേക്കബ്, തിരുവല്ല**

*“ യിസഹാക്ക് യാക്കോബിനെ ജനിപ്പിച്ചു”*

4. പുൽമേട് ദുരന്തത്തിൽ മരിച്ചവർക്ക് റവ. ഡോ. ബാബു ജോർജ്ജിന്റെ ആദരാഞ്ജലി **– വാർത്ത**

*ഇദ്ദേഹം ഡോ. (ചുമ്മാ) ആണെങ്കിലും വിവരമില്ല. “പുൽമേട്” എന്നത് യേശു ജനിച്ച് “പുൽക്കൂട്’ എന്നായിരിക്കും കക്ഷി വായിച്ചത്.*

5. പിസിനാക്ക് ടൈംസ് പ്രസിദ്ധീകരിച്ചു. എന്താണീ പിസിനാക്ക് ടൈംസ് ? **– ലാലു, ഹൂസ്റ്റൺ**

*ഇന്ത്യൻ ടൈം, അമേരിയ്ക്കൻ ടൈം എന്നൊക്കെ കേട്ടിട്ടില്ലേ... അതുപോലൊരു ടൈം ആണ് പിസിനാക്ക് ടൈം.*

6. അടുത്തയിടെ ഇവിടെ നടന്ന ഒരു കൺവൻഷനിൽ പാട്ടുപാടിയപ്പോൾ ജനം കൈയടിച്ചതിന് “ചപ്പാത്തി പരത്തുന്നതുപോലെ” കൈയടിക്കരുതെന്ന് ലീഡർ പറഞ്ഞു. പക്ഷേ അദ്ദേഹം പാട്ടു പരത്തിയാണ് പാടിയത്. ഇദ്ദേഹത്തിനു ഇങ്ങനെ പറയാൻ യോഗ്യതയുണ്ടോ? **– കെ. ജെ. അറ്റ്ലാന്റാ**

*പാട്ടല്ല, ഏതു രഹസ്യവും “പരത്താൻ” അദ്ദേഹം യോഗ്യനും മിടുക്കനുമാണ്.*

◀06

## Tucson Tragedy and The Eve Mindset

credit, were at least telling the truth despite the overt blame shifting they were resorting to with Adam blaming the woman who gave him the fruit and the woman-Eve blaming the serpent, here we see Aaron actually concocting a lie to hide his sin. He not only shifts the blame on the people, saying that it was them that wanted a God since the real God was up in the mountain all the while and therefore missing in action from their lives, he also says that he just threw gold in the fire and as if by magic, a calf came out. When a blame shift alone does not seem to work, we tend to invoke, its next of kin- lies – to fortify our argument, just like in Aaron's case. We tend to add up sin after sin. Our wheels getting more stuck in the pit we have dug.

Oftentimes, we blame circumstances and people around us for the way we behave or have become. An easy target is often our home and our upbringing, or our culture.

As a doctor of medicine I have had the opportunity to read long discourses by Freud the father of modern Psychology and its many interpretations. Of particular interest to me was Freud's model of Consciences that humans adopt to absolve themselves of any responsibility in the choices that we make. We try to appease and pour water over our burning sense of guilt and shame at being caught doing the wrong act by incorporating Freud's model of Conscience that we are somehow not to blame for the choices we make- that it's our upbringing or our conditioning that determines or influences our actions and choices. This way of thinking, absolves us of individual accountability and challenges the Christian understanding that conscience is an innate or intuitive sense and the ultimate moral decision maker, placed within us by God.

Paul taught that conscience was an awareness of what is good and bad, valuing it as a measure of the pureness of our motives. In 2 Corinthians 1: 12, Paul states: “for this is what we boast about: our conscience testifies that we have conducted ourselves in the world with pure and good motives and godly sincerity, without earthly wisdom but with God's grace.” For Paul, conscience lay at the centre of our being and was something that all humans have, irrespective of faith. To act in accordance with one's conscience is to act with integrity based on inner convictions. However, in Romans 7 Paul acknowledges that the conscience can be weak or mistaken, it can even be misled by others: “I do the very thing I hate...I can will what is right but I cannot do it.” Being true to ourselves can involve struggle and conflict within, sometimes producing feelings of guilt, inadequacy and powerlessness.

Although there is no doubt in my mind that each of us have had things happen to us in the past that were beyond our control, where someone else was to blame, this doesn't give us a license to make poor choices today.

James 1:13-16., it says: When tempted, no one should say, “God is tempting me.” For God cannot be tempted by evil, nor does he tempt anyone; but each person is tempted when they are dragged away by their own evil desire and enticed. Then, after desire has conceived, it gives birth to sin; and sin, when it is full-grown, gives birth to death.

The verse clarifies that we have no one to blame except ourselves for the choices we make. It is not even Satan's fault. It's our evil desire that allows us to be dragged away and enticed.

Instead of blaming God for allowing evil, our attitude should be thanking Him that the situation has not gotten much worse. When God allowed Satan to go after Job, he allowed him to go only so far. In the first verse of the book it says that Job was ‘blameless and upright’. It says he ‘feared God and shunned evil’. Yet his whole world came crashing down when he lost his kids and his livestock. Job says in 1:21,”Naked I came into the world, naked I will depart. The Lord gives, the Lord takes away. May the name of the Lord be praised”. It says that in all this, Job did not sin by charging God with wrong doing. And in the end, God blessed Job with twice as much as he had before.

So how do we overcome our Eve mindset and move towards being individuals with accountability?

Phil. 1:9-11 says: And this is my prayer: that your LOVE may abound more and more in knowledge and depth of insight, so that you may be able to discern what is best and may be pure and blameless for the day of Christ, filled with the FRUIT OF RIGHTEOUSNESS that comes through Jesus Christ—to the glory and praise of God.

Phil. 2:1-5, 12-16- accounts HUMILITY with INTEGRITY, OBEDIENCE and REVERENCE as pre requisites for a blameless living. We often don't realize that when we blame others and do not take accountability for our actions we give up our power to change. We take away from ourselves our atonement, our only way of putting our mishap well and truly behind us, our way to redemption and freedom from the guilt since when we blame others, we justify to others and

▶10




## വീണ്ടും കുമ്പനാട്ട്

കുമ്പനാട് കൺവൻഷനിൽ സംബന്ധിക്കുവാൻ പ്രതീക്ഷയോടെയാണ് ഒരുക്കങ്ങൾ ആരംഭിച്ചത്. പതിവിനു വിപരീതമായി വന്ന കാലാവസ്ഥാ വ്യതിയാനം എന്റെ യാത്രയെ തടസ്സപ്പെടുത്തും എന്നു ഭയപ്പെട്ടു. മഞ്ഞുമൂടിയ റോഡും വിമാന താവളവും യാത്രയ്ക്ക് തടസ്സമാകുമെന്ന് പ്രതീക്ഷിച്ചെങ്കിലും ബുധനാഴ്ചയോടെ കുമ്പനാട്ട് എത്തി. കുമ്പനാട്ടും തിരുവല്ലയിലും ആവേശത്തോടും ഗതകാല സ്മരണകളോടും കൂടി എത്തിച്ചേർന്നു. പഴയകാല കൂട്ടായ്മകാരുടെ മുഖം ആൾക്കൂട്ടത്തിൽ തേടി. യാന്ത്രികമായ സ്നേഹപ്രകടനങ്ങളിലൂടെ മടപ്പുളവാക്കുന്ന വിശ്വാസികളെയാണ് പലപ്പോഴും കണ്ടത്. ആകപ്പാടെ മരവിപ്പ്. തണുത്ത സ്നേഹം, പക്ഷേ പ്രകടനങ്ങൾ ചൂടുള്ളതും. ഞായറാഴ്ചകളിൽ നിറഞ്ഞു കവിഞ്ഞ ജനകൂട്ടം. ഇട ദിവസങ്ങളിൽ ആകട്ടെ ജനം അകന്നു നിൽക്കുന്നുവോ എന്ന തോന്നലും. സംഘർഷ ഭരിതമെന്ന് തോന്നും വിധമുള്ള അന്തരീക്ഷം ഒരു ഭാഗത്ത്. ഇതൊന്നും അറിയാത്ത സാധാരണ ജനങ്ങൾ മറ്റൊരുഭാഗത്ത്. പഴയകാല അനുഭവങ്ങളുടെ ഓർമ്മകൾ ആവേശം ഉണർത്തുമ്പോൾ ഇന്നിന്റെ യാഥാർത്ഥ്യങ്ങൾ മനസ്സു മടിപ്പിക്കുന്നു. ഒരു മടങ്ങി വരവു സഭയ്ക്ക് ആവശ്യം എന്ന തോന്നൽ ഉള്ളിന്റെ ഉള്ളിൽ അറിയാതെ ഉയരുന്നു. സഹോദര സ്നേഹമുള്ള ഒരു സഭ വീണ്ടും കാണുവാൻ പറ്റുമോ എന്നൊരു തേങ്ങൽ അറിയാതെ ഉയരുന്നു. ഇനി മടങ്ങുമ്പോൾ ഓർക്കേണ്ടത് ഇന്നിനെയോ അതോ ഇന്നലെകളെയോ. മക്കളോട് പറയേണ്ട വിശേഷങ്ങളിൽ ഇതൊക്കെയും വേണോ. ആകെ ഒരു ആശങ്ക

## നിത്യതയിൽ



**ഫ്ളോറിഡ:** തിരുവല്ല വള്ളംകുളം ആലോലിൽ പരേതരായ ചാക്കോ മാത്തൻ അന്നമ്മ ദമ്പതികളുടെ മകൻ മാത്യു വർഗ്ഗീസ് (കുഞ്ഞുമോൻ 66) ഫ്ളോറിഡയിൽ വാഹനാപകടത്തിൽ നിര്യാതനായി. 1972 ൽ അമേരിക്കയിൽ കുടിയേറിയ മാത്യു വർഗ്ഗീസ് ന്യൂയോർക്ക്, ഒക്കലഹോമ എന്നീ പട്ടണങ്ങളിൽ താമസിക്കുകയും ഐ. പി.സി. സഭകളിൽ സജീവ പ്രവർത്തകനുമായിരുന്നു. പിന്നെ ഫ്ളോറിഡയിലുള്ള ‘ഡേവി’യിലേയ്ക്കു താമസം മാറ്റി. കേരള രീതിയിലുള്ള തന്റെ മാതൃക കൃഷിത്തോട്ടം പ്രസിദ്ധമാണ്.

ഭാര്യ: സാറാമ്മ, മക്കൾ ജിബി, സിബി, ജാമാതക്കൾ ബ്ലസ്സി, ഏബി. സംസ്കാരം നടത്തി.




പ്രതികരണം

# വൈകിവന്ന വിവേകം?

ഡി. ബേബിക്കുട്ടി, കുവൈറ്റ്

ഐ. പി. സി. നേതൃത്വം കഴിഞ്ഞദിവസം പ്രഖ്യാപിച്ചതായി മാധ്യമങ്ങളിൽ വന്ന വാർത്തയെ വിശ്വസിക്കാമെങ്കിൽ അതിനെ വൈകി വന്ന വിവേകമായി മാത്രമെ കാണുവാൻ കഴിയൂ. അപ്പോൾ തന്നെ പാരമ്പര്യവാദികളും, പരിഷ്കൃതവാദികളും ഇരുവശത്തുമായി പോരിനു കോപ്പുകൂട്ടിക്കൊണ്ടിരിക്കുന്നതുമായും റിപ്പോർട്ട്. ഈ രണ്ടുകൂട്ടരിലും വിശ്വാസം അർപ്പിക്കുവാൻ കഴിഞ്ഞകാല അനുഭവങ്ങൾ വിശ്വാസികളെ അനുവദിക്കുന്നില്ല. കാരണം രണ്ടുകൂട്ടരും ദൈവവചനത്തിൽ നിന്നും വളരെയേറെ അകന്ന്, സത്യോപദേശം വിട്ട് സഞ്ചരിക്കാൻ തുടങ്ങിയിട്ട് നാളെത്രയായി? ഉപദേശം എഴുതി സൂക്ഷിച്ചാൽ ഉപദേശമാകുമോ? അതു വള്ളിപുള്ളിവിടാതെ പ്രാവർത്തികമാക്കുമ്പോളല്ലെ അതു മറ്റുള്ളവർക്ക് മനസ്സിലാക്കാനും അംഗീകരിക്കാനും കഴിയൂ. ഭൗതികത്തിന്റെ പുറമെ യാത്ര തുടങ്ങിയിട്ട് കാലമെത്രയായി? ഉപദേശംകേട്ട് പാരമ്പര്യവും, പൗരോഹിത്യവും വിട്ട് ഇറങ്ങി പീഢകളും, കഷ്ടതകളും സഹിച്ച് ലക്ഷക്കണക്കിന് പാവപ്പെട്ട വിശ്വാസികളെ സ്വർഗ്ഗീയനിത്യതയിലെത്തിക്കുവാൻ വേണ്ട കൈത്താങ്ങൽ കൊടുക്കുവാൻ നേതൃത്വങ്ങൾക്കു കഴിയുന്നുണ്ടോ? സത്യോപദേശം എന്തെന്നും, ഏതെന്നും ഉറപ്പിച്ചും, തറപ്പിച്ചും പറയുവാൻ ധൈര്യമുള്ള എത്ര പെന്തെക്കോസ്തു നേതൃത്വങ്ങൾ ഉണ്ട്? നാളുകളായി ഒറ്റയാൻപോരാട്ടം നടത്തുന്ന സുവിശേഷകൻ പി.ഐ. ഏബ്രഹാമിനെ (കാനം അച്ചൻ) പോലെ ചുരുക്കം ചില പ്രായം ചെന്ന ദൈവദാസന്മാർ ഉള്ളതിനെ വിസ്മരിക്കുന്നില്ല. അവരുടെ നിലവിളിയും എഴുത്തുകളും എത്രയോകാലമായി വിളിച്ചുപറയുന്ന സത്യങ്ങൾ ഇപ്പോഴാണോ ഐ. പി.സി. നേതൃത്വത്തിനു കാണാൻ കഴിഞ്ഞത്? അതോ ദ്രവ്യം എന്ന മാമ്മോനെ സൂക്ഷിക്കാൻ നിലവിലുള്ള ബാങ്കുകളിൽ സ്ഥലം പോരാതെ വന്നതുകൊണ്ട് മതി എന്ന തോന്നലോ ഈ ചിന്തയ്ക്ക് ആധാരം?

ഈ ലക്കം ബിലീവേഴ്സ് ജേണലിലെ സാക്ഷിയുടെ ആത്മഗതം 'പരിഷ്കൃതവാദികളുടെ ഗോഡ്ഫാദറിനെ ആര് പുറത്താക്കും'? അതുപോലെ എത്ര കുട്ടിഗോഡ്ഫാദറുകൾ ആത്മീയലോകത്തിൽ എത്രനാളായി ക്രിസ്തുവിനെ വിറ്റ് കാശാക്കുന്നു? ഒന്നുമറിയാതെ, ദൈവദാസന്മാരെ ദൈവത്തെപ്പോലെ കരുതുന്ന വിശ്വാസികളെ ചൂഷണം ചെയ്യുന്നു? ഇതൊന്നും കാണാത്ത നേതൃത്വമാണോ ഇപ്പോൾ ചിലരെമാത്രം ദുരുപദേശകരായും, കുഴപ്പക്കാരായും കണ്ടെത്തിയത്? ദൈവവചനത്തിനു വിരുദ്ധമായി കള്ള പ്രവചനം നടത്തി അനേകം കുടുംബങ്ങളെ തകർക്കുന്ന എത്രയെത്ര ദ്രവ്യാഗ്രഹികൾ പെന്തെക്കോസ്തിലുണ്ട്? അവരെ വെറുതെ വിടുന്നതെന്തുകൊണ്ട്? അവരെ തിരിച്ചറിയാനുള്ള ഏതെങ്കിലും മാനദണ്ഡം വിശ്വാസികളെ ധരിപ്പിക്കുവാനോ, യഥാർത്ഥ പ്രവചനം ദൈവവചനാടിസ്ഥാനത്തിൽ എന്താണെന്നോ, എങ്ങനെയെന്നോ പറയുവാൻ ഏതെങ്കിലും പെന്തെക്കോസ്തു നേതൃത്വം ഇതുവരെ തയ്യാറായോ?

ഊതലും, വീഴ്ത്തലും, ശർദ്ദിയും, ശാപം മുറിക്കലും ഇതു പ്രേരിപ്പിക്കുന്നവരെ ജനറൽ കൺവൻഷനിലോ, പ്രാദേശിക സഭകളുടെ കൺവൻഷനുകളിലോ കയറ്റാൻ പാടില്ലെന്നും, അവരുമായി യാതൊരു സഹകരണവും ആരും ഉണ്ടാക്കരുതെന്നും പറയാനുള്ള ആത്മാർത്ഥതയും ഇച്ഛാശക്തിയും ദൈവത്തോടും വിശ്വാസികളോടും കാണിക്കുവാൻ കഴിയുമോ? അപ്പോൾ മാത്രമെ തിരുവചനത്തോടും ദൈവത്തോടും നാം അല്പമെങ്കിലും നീതി പുലർത്തുന്നവരായി തീരുകയുള്ളു. ചില നാളുകൾക്കു മുമ്പ് 'അഗ്നി അഭിഷേകവുമായി' ഒരു പ്രസ്ഥാനത്തിന്റെ നേതാവ് രംഗപ്രവേശനം ചെയ്തിരുന്നു. അതിന് വേണ്ടുവോളം പ്രചാരം ലഭിക്കാത്തതിനാലോ, പ്രസിദ്ധീകരണങ്ങളും മറ്റു ചിലരും കൂടി വെള്ളം ഒഴിച്ച് കെടുത്തിയതിനാലോ ഇപ്പോൾ അത് ഏങ്ങും പറയുന്നില്ല. പകരം താൻ തെറ്റെന്നും, പിശാചിന്റെ ആത്മാവാണ് എന്നു പറഞ്ഞതും പഠിപ്പിച്ചതുമായ ഊതലിന്റെ അനുഭാവിയും, അത് പരിശുദ്ധാത്മാവിന്റെ പ്രവർത്തിയുമാണെന്ന വാദവുമായി മാറിയിരിക്കയാണ്. വിരോധാഭാസം എന്നല്ലാതെ എന്തു പറയാൻ? എന്നാലും കണ്ണാടിപോലെ തെളിഞ്ഞ തിരുവചനസത്യത്തെ കോട്ടിക്കളയുവാനുള്ള ധൈര്യം കുറെ കട്ടി തന്നെ. ദുരാത്മാവാകുമ്പോൾ അതിശയിച്ചിട്ടു കാര്യമില്ല.

സാമ്പത്തിക വിഷയത്തിൽ നാം വളരെ ശക്തമായ നിലപാടുകൾ എടുക്കാറുണ്ടല്ലോ? കസേരകൾ ഉറപ്പിക്കുവാൻ എത്രമാത്രം ഉത്സുകരാണ് എല്ലാ പെന്തെക്കോസ്തു നേതൃത്വവും. അതിനായി ലക്ഷങ്ങൾ വാരിയെറിയുവാനും, കാലുവാരുവാനും, പാരപണിയുവാനും നാം മുന്നിലല്ലെ? നമ്മുടെ നാട്ടിലെ രാഷ്ട്രീയപാർട്ടികളുടെ ഇലക്ഷനെ വെല്ലുന്ന രീതിയല്ലെ സഭാ ആസ്ഥാനങ്ങളിൽ കാലങ്ങളായി നടമാടുന്നത്? ഇതെല്ലാം തിരുവചനാടിസ്ഥാനമോ? ഇതിനു ചുക്കാൻ പിടിക്കുന്ന നേതൃത്വമോ പാവപ്പെട്ട വിശ്വാസികളെ സ്വർഗ്ഗീയ നിത്യതയിലെത്തിക്കുവാൻ പാടുപെടുന്നത്? ഇലക്ഷനിൽ കടിച്ചുകീറുന്ന ചെന്നായ്ക്കളെപ്പോലെ പെരുമാറുകയും, ചെയ്യാവുന്ന 'സർവ്വവേലയും' ചെയ്തിട്ട് കസേരയിൽ കയറിയിരിക്കും, കൺവൻഷൻ പന്തലിൽ സ്നേഹത്തെപ്പറ്റി പ്രസംഗിക്കുകയും ചെയ്യുന്ന നിങ്ങൾക്കെങ്ങനെ പ്രാഗത്ഭ്യത്തോടെ ദൈവസന്നിധിയിൽ നില്ക്കാൻ കഴിയുന്നു? തൊലിക്കട്ടി അപാരം തന്നെ! നിങ്ങൾക്ക് മിക്കവർക്കും പറ്റിയ തൊഴിൽ രാഷ്ട്രീയമല്ലെ? ഇന്ത്യയുടെ ജനകോടികൾ യേശുക്രിസ്തുവിനെ അറിയാതെ പാപത്തിന്റെയും, അന്ധവിശ്വാസത്തിന്റെയും, അനാചാരങ്ങളുടെയും അടിമകളായി നിത്യനരകത്തിലേക്ക് പോകുന്നത് നിങ്ങൾ കാണുന്നില്ലെ? അതോ പണത്തിന്റെ കൊഴുപ്പിൽ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടുവോ? സ്വതന്ത്ര ഇന്ത്യയിലെ ക്രിസ്തീയ വിഭാഗത്തിന്റെ കണക്കിൽ വേർപെട്ടവരെന്ന് പറയാവുന്നവരുടെ ശതമാനം എടുക്കുവാൻ ഇന്നുവരെ ഏതെങ്കിലും പെന്തെക്കോസ്തു നേതൃത്വം തയ്യാറായോ?

നേതൃത്വങ്ങൾ ആകമാനം ഒന്ന് തിരിച്ചറിയുക. സ്വന്തം പേരിൽ കൂട്ടിവച്ച് തനിക്കും മൂന്നും നാലും തലമുറകൾക്കുമായി ചരതിച്ചുവച്ചിരിക്കുന്നവരെ ഒരു മുന്നറിയിപ്പ് നല്കുവാൻ...അഗ്രഹിക്കുന്നു. ന്യായവിധി ദിവസത്തിൽ (മിക്ക നേതൃത്വവും ഇങ്ങനെയൊന്നുണ്ടാകുമെന്ന് കരുതുന്നില്ല) കണക്കുകൊടുക്കേണ്ടിവരും നിശ്ചയം. അതു കൂടാതെ സർക്കാർ തന്നെ ആസ്ഥാനങ്ങളുടെ ആസ്തിയും, എല്ലാം കണ്ടുകെട്ടി ഹിന്ദുക്ഷേത്രങ്ങളുടെ ദേവസ്വംബോർഡ് മാതൃകയിൽ ആകുന്ന സമയം വിദൂരമല്ല. വിവരാവകാശനിയമപ്രകാരം സർവ്വ കണക്കും പുറംലോകം അറിയാൻ നേരമായിരിക്കുന്നു. രേഖാമൂലമുള്ളതേ പുറത്തുവരൂ എന്നറിയാം. കണക്കിൽ പെടുത്താതെ ബിനാമികളാക്കി വച്ചിരിക്കുന്നതും ഒരു നാൾ പുറത്താകും. മിടുക്കരായ ജേർണലിസ്റ്റുകൾ ജോലി ചെയ്യുന്ന ചാനലുകളിൽ താമസംവിനാമിന്നിമറയുന്നത് കാണുവാൻ സമയമായി എന്ന മുന്നറിയിപ്പും നൽകട്ടെ. ആരംഭം സൂര്യ ടി. വി. കുറിച്ചുകഴിഞ്ഞു.

പാസ്റ്റർമാരുടെ കൂട്ടത്തിലെ വിസാകച്ചവടക്കാർ, പാവപ്പെട്ടവരുടെ പോക്കറ്റിലെ പണം പിഴിഞ്ഞ് ബ്ലേഡ് പലിശയ്ക്ക് കൊടുക്കുന്നവർ, അംഗീകാരം ഉള്ളതും ഇല്ലാത്തതുമായ നേഴ്സിംഗ് കോളേജിലും, മറ്റു പ്രൊഫഷണൽ കോളേജുകളിലും അഡ്മിഷൻ തരപ്പെടുത്തികൊടുത്ത് പാവപ്പെട്ട വിശ്വാസകുടുംബങ്ങളെ ചൂഷണം ചെയ്യുന്നവർ, കള്ളപ്പണം വെളിപ്പിക്കുന്ന വിദ്യ കണ്ടുപിടിച്ചവർ, വിദേശങ്ങളിൽ മുടങ്ങാതെ പോയി, ചോരനീരാക്കി കുടുംബത്തെ പോറ്റാനായി കഷ്ടപ്പെടുന്ന വിശ്വാസികളുടെ പണം പിടുങ്ങുന്ന ദ്രവ്യാഗ്രഹികളായ ശുശ്രൂഷകർ, കള്ളപ്രവാചകന്മാർ, അനുഗ്രഹം ചൊരിയിച്ചു കൊടുത്ത് വചനം അറിയാത്തവരെ ചൂഷണം ചെയ്ത് പണം പിരിച്ച് കൊഴുത്തവർ ഇങ്ങനെയുള്ളവരും, എല്ലാ ദിവസവും മുടങ്ങാതെ ചാനലുകളിലൂടെ പ്രസംഗിക്കുന്നവരുടെ പണത്തിന്റെ ഉറവിടം, ചുരുങ്ങിയ നാളുകൾകൊണ്ട് സമ്പന്നതയുടെ കൊടുമുടിയിലെത്തിയവർ, കണക്കില്ലാതെ സമ്പത്തു കുമിഞ്ഞുകൂടിയ നേതൃത്വങ്ങളുടെ ഉറവിടം, 'വിശുദ്ധനാട്' എന്ന പേരുപറഞ്ഞ് ടൂറിസ്സത്തിലൂടെ ചൂഷണം ചെയ്ത് കണക്കില്ലാതെ പണം കൊയ്യുന്നവർ എല്ലാം അന്വേഷണവിധേയമാകണം. ഇങ്ങനെ എല്ലാ കൂട്ടരുടെയും എല്ലാ വിഭാഗങ്ങൾക്കും മിനിസ്ക്രീനിൽ മുഖം കാണിക്കാൻ സമയമായി കഴിഞ്ഞു. ദൈവവും എല്ലാത്തിനും പരിധി വച്ചിട്ടുണ്ട്. ഇതിനെല്ലാം കുടപിടിക്കുന്നതും, ഈ കൂട്ടരെ വളർത്തുന്നതും പെന്തെക്കോസ്തു വിശ്വാസികളാണെന്നു പറായിതിരിക്കാൻ വയ്യ. വിശ്വാസികളും ബോധവത്കരിക്കപ്പെടണം. ദൈവത്തിനാണ് മഹത്വം നൽകേണ്ടത് എന്ന് വിശ്വാസികൾ തിരിച്ചറിയണം. സ്വയം മഹത്വം എടുക്കുന്നവരെയും തിരിച്ചറിയണം. വെള്ളയുടുപ്പിട്ടവർ എല്ലാവരും പറയുന്നതുപോലെയല്ല പ്രവർത്തിക്കുന്നത് എന്ന സത്യവും അറിയണം. വിശ്വാസവും പ്രവർത്തിയും ഒരുപോലെ കൊണ്ടുപോകുന്നവരും, സുവിശേഷത്തിനായി കഷ്ടം സഹിക്കുന്നവരും, പീഢയനുഭവിക്കുന്നവരും അനേകം ഉണ്ടെന്നും വിസ്മരിക്കുന്നില്ല. അവരെ ദൈവം കൈവിടുകയുമില്ല.

സത്യസുവിശേഷം പറയാത്തവരെ മുഴുവൻ കൺവൻഷൻ സ്റ്റേജുകളിൽ നിന്നും പുറത്താക്കി ആത്മീയ ലോകം ശുദ്ധീകരണം അതുപോലെ 'സുവിശേഷയോഗം' എന്നല്ലാതെ മറ്റ് വ്യാജപേരുകൾ പാടില്ല എന്ന് നിഷ്കർഷിക്കണം. "ആത്മമാരി, സ്പിരിചൽ ഫീസ്റ്റ്, കൃപാമാരി, സ്വർഗ്ഗീയ അഗ്നി, ആത്മീയ സംഗമം, അത്ഭുതങ്ങളിലൂടെ, ശാപം മുറിക്കൽ തുടങ്ങി സുവിശേഷത്തിന്റെ കണികപോലുമില്ലാതെ ജനത്തെ ആകർഷിക്കുന്ന ബോർഡുകൾ നിരത്തിയും, പരസ്യം നല്കിയും അനേകരെ കബളിപ്പിച്ച് പണം ഉണ്ടാക്കുന്ന വിരുതന്മാരുടെ ഭൂമിയായി കേരളം മാറി. ഇവിടെയെല്ലാം സ്വന്തതാല്പര്യങ്ങളുടെ സംഗമമാണ് നടക്കുന്നത്. കാലത്തിനനുസരിച്ച് വചനത്തിന്റെ വ്യാഖ്യാനങ്ങളെ മാറ്റിമറിക്കുന്ന പ്രവണത അംഗീകരിക്കാനാവില്ല. യേശുക്രിസ്തുവിനെയും, അപ്പോസ്തലനായ പൗലോസിനെയും പ്രസംഗിക്കുന്നവർ അവരുടെ ജീവിതത്തോടു കുറെയെങ്കിലും ഏകീഭാവം കാണിക്കട്ടെ. വേർപാട് ഏതിനെല്ലാമെന്ന് വചനം പറയുന്നുണ്ട്. അഭരണവർജ്ജനം ശക്തമായി പഠിപ്പിച്ച കാലം എല്ലാത്തിനോടും വേർപാടു പാലിച്ചിരിക്കുന്നു. ഇന്നോ സകല ആർഭാടവും, സുഖ സൗകര്യങ്ങളും അനുഭവിച്ചു തുടങ്ങിയപ്പോൾ പിന്നെ ആഭരണം മാത്രം എന്തിനു വർജ്ജിക്കുന്നു എന്ന ചിന്ത വളർന്നതാണ് ഇന്നത്തെ ന്യൂജനറേഷൻ സഭകളുടെ തുടക്കത്തിനു കാരണം. കേരളത്തിലെ അംഗീകൃത പെന്തെക്കോസ്തു വിഭാഗങ്ങളുടെ പോക്കാണ് പുതിയ വിഭാഗങ്ങളുടെ ജന്മത്തിനു കാരണം. പ്രസംഗവും പ്രവർത്തിയും ഒരുപോലെയും, വിശുദ്ധിയും വേർപാടും എല്ലാ കാര്യത്തിലും 50 വർഷം മുമ്പ് എങ്ങനെയോ അതുപോലെ നിലനിർത്തിയിരുന്നെങ്കിൽ പുതിയ തലമുറ ന്യൂ ജനറേഷൻ സഭകളിൽ ആകൃഷ്ടരാകില്ലായിരുന്നു. നമുക്ക് തെറ്റിയതവിടെയാണ്. സമ്പത്തിന്റെ സുഖം വേണ്ടുവോളം അനുഭവിക്കാൻ തുടങ്ങിയപ്പോൾ ദൈവവചനം വിട്ടു. ഇനി മടങ്ങിവരണമെങ്കിൽ അസാദ്ധ്യമാണ്. ശുദ്ധീകരണം തലമുതൽ താഴോട്ട് തുടങ്ങട്ടെ. കുളിയ്ക്കുമ്പോൾ വെള്ളം തല മുതൽ താഴോട്ടാണല്ലോ. ഒഴിക്കാറ്, ശരീരത്തിലെ അഴുക്കും വെള്ളത്തോടൊപ്പം താഴോട്ടാണ് ഒഴുകാറ്. മറിച്ച് ചിന്തിക്കുന്നത് തിയറിയ്ക്കും വരുദ്ധമാണ്. അതുപോലെ നേതൃത്വങ്ങളിൽ ശുദ്ധീകരണം തുടങ്ങുക. അത് ഉപദേശത്തിൽ, പ്രായോഗിക ജീവിതത്തിൽ, സഭാഭരണത്തിൽ തിരുവചനത്തിന് യോജ്യമല്ലാത്തവത്പുറത്തുകളഞ്ഞ് ശുദ്ധീകരണം തുടങ്ങുക.

അതിനു ധൈര്യമായ കാൽവെയ്പ്പുകൾ വേണ്ടിവരും. എതിർപ്പുകൾ ഉണ്ടാകാം. മുറിവും വേദനയും കടന്നുവരാം അവയെ ദൈവം പരിഹരിക്കും. ദൈവവചനത്തോടു നീതി പുലർത്തുമ്പോൾ ദൈവം പ്രവർത്തിച്ചുതുടങ്ങും. അതിനുള്ള ഇച്ഛാശക്തി ദൈവകൃപയിൽ ചിലനാളുകളായി വിശ്വാസ ലോകം കാത്തിരിക്കുന്നു. മാധ്യമങ്ങളും പൂർണ്ണമായും പിന്തുണയ്ക്കും. വിശ്വാസികളുടെ ആഗ്രഹത്തിനും, പിന്തുണയ്ക്കും അനുകൂലമല്ലാത്ത മാധ്യമങ്ങൾ വായിക്കാൻ ആരും ഇല്ലാതെവരുമ്പോൾ അവരുടെ നിലനില്പിന്റെ പ്രശ്നമാകും. അല്ലെങ്കിലും മാധ്യമങ്ങളല്ലെങ്കിലും ഒഴുക്കിനനുസരിച്ച് നീങ്ങുന്നവരാണല്ലോ. കർത്താവിന്റെ മദ്ധ്യാകാശവരവിന്റെ ലക്ഷണവും കാലവും ആസന്നമായിരിക്കുന്ന ഈ നാളുകളിൽ സഭകളിൽ ശുദ്ധീകരണം ആവശ്യമാണ്. വിശുദ്ധമണവാട്ടിയായ സഭയെ ചേർക്കുവാനാണല്ലോ കർത്താവു വരുന്നത്. അപ്പോൾ ശുദ്ധീകരണം നടത്തേണ്ട സമയമായിരിക്കുന്നു. അതിനായി ദൈവം സഹായിക്കട്ടെ.



# ബ്ലാക്ക് മാസ് അഥവാ കറുത്ത കുർബാനയുടെ മനഃശാസ്ത്രം

കടുത്ത മാനസിക പിരിമുറുക്കവുമായാണ് ആ പതിനഞ്ചുകാരി മനോരോഗവിദഗ്ധന്റെ മുന്നിലെത്തിയത്. കൊച്ചിയിലെ ഒരു പ്രശസ്ത പബ്ലിക് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനി. ഒറ്റ മകൾ. തുടർച്ചയായി ക്ലാസ് പരീക്ഷയിൽ മാർക്കു കുറഞ്ഞതോടെയാണ് രക്ഷിതാക്കളും മകളെ ശ്രദ്ധിക്കാൻ തുടങ്ങിയത്. കാരണം അന്വേഷിച്ചപ്പോൾ പഠിക്കാൻ കഴിയുന്നില്ലെന്നായിരുന്നു കുട്ടിയുടെ മറുപടി. വീട്ടിൽ അധികം സംസാരമില്ല. കൂടുതൽ സമയവും മുറിയടച്ചിട്ട് ഒറ്റയ്ക്കിരിക്കും. പരീക്ഷക്കാലത്ത് കുട്ടികൾക്കുണ്ടാകുന്ന പരീക്ഷാ പേടിയാണെന്ന് വീട്ടുകാർ ആദ്യം കരുതി. അങ്ങനെയാണ് ഡോക്ടറുടെ അടുത്ത് കൊണ്ടുവന്നതും. പക്ഷേ, വിദഗ്ധനായ ഡോക്ടർക്ക് കൗമാരമനസിന്റെ ഉള്ളറയിലേക്ക് കടന്നുചെല്ലാൻ അധികസമയം വേണ്ടിവന്നില്ല. ബ്ലാക് മാസ് അല്ലെങ്കിൽ കറുത്ത കുർബാന എന്ന വികൃതാരാധനയിലേക്ക് കൂട്ടുകാരി ക്ഷണിച്ചതോടെയാണ് തികച്ചും യഥാസ്ഥിതിക ചുറ്റുപാടിൽ ജീവിച്ചുവന്നിരുന്ന പെൺകുട്ടിയുടെ മനസ് പിടഞ്ഞത്. ബ്ലാക് മാസിൽ വിശ്വസിച്ചാൽ ആരും അറിയാതെ ആരെയും പേടിക്കാതെ സെക്സ് ആസ്വദിക്കാമെന്നായിരുന്നു കൂട്ടുകാരി പറഞ്ഞു വിശ്വസിപ്പിച്ചത്. ഇതിനായി ലൈംഗികതയുടെ നിറം പിടിപ്പിച്ച കഥകൾ ക്ലാസ് ഇടവേളകളിൽ രഹസ്യമായി കൂട്ടുകാരി വിവരിച്ചു കൊടുത്തു. എന്തു ചെയ്യണമെന്നറിയാതെ പെൺകുട്ടിയുടെ മനസ് പിടഞ്ഞു. അതോടെ പഠനത്തിൽ ശ്രദ്ധ കുറഞ്ഞു. ചിന്തകൾ വഴിമാറി. മാനസിക പിരിമുറക്കത്തിലേക്ക് കൂപ്പുകുത്തി.

പിന്നീട് തുടർച്ചയായ കൗൺസിലിംഗ് വേണ്ടി വന്നു കുട്ടിയെ സാധാരണനിലയിലേക്ക് തിരികെ കൊണ്ടുവരാൻ.

തിന്മയെ ആരാധിക്കുന്ന 'ബ്ലാക് മാസ്' കേരളത്തിലും നടക്കുന്നു എന്നത് വെറും കെട്ടുകഥമാത്രമായി വിശ്വസിച്ചിരുന്നു. എന്നാൽ മൂന്നു വർഷം മുമ്പുണ്ടായ സംഭവമാണിത്. അടുത്തിടെ നടന്ന തെളിയിക്കാൻ കഴിയാത്ത ചില കൊലപാതകങ്ങളും കൊച്ചുകുട്ടികളുടെ തിരോധാനവും പള്ളികളിലെ മോഷണവുമായൊക്കെ ബന്ധപ്പെട്ട് ബ്ലാക് മാസ് സംഘങ്ങളുടെ പങ്ക് പോലീസ് സംശയിക്കുന്നുണ്ട്. പള്ളിയിൽ കുർബാനയ്ക്കിടെ വിശ്വാസികൾക്കു നൽകുന്ന തിരുവോസ്തി സാത്താൻ സേവക്കാർ കടത്തിക്കൊണ്ടു പോയി ദുരുപയോഗം ചെയ്യുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ ചില കത്തോലിക്കാ പള്ളികളിൽ തിരുവോസ്തി നാവിൽ മാത്രമേ നൽകൂ എന്ന് പ്രഖ്യാപനമുണ്ടായതും അടുത്ത കാലത്താണ്.

ജീവിതമൂല്യങ്ങൾക്ക് ലവലേശം വിലകൽപ്പിക്കാത്ത, പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം കണ്ടുവന്നിരുന്ന ബ്ലാക് മാസ് എന്ന 'കറുത്ത കുർബാന' ഇങ്ങ് കേരളത്തിലും ശക്തമായി വേരുറച്ചു കഴിഞ്ഞു എന്നതിനു തെളിവാണ് ഈ സംഭവങ്ങളെല്ലാം. പണം, സെക്സ്, ബന്ധങ്ങൾ, ജീവിതം എന്നിവയ്ക്കുമേൽ ആധിപത്യം സ്ഥാപിക്കാമെന്നാണ് ബ്ലാക് മാസ് വിശ്വാസികൾ അവകാശപ്പെടുന്നത്.

തിന്മയുടെ പ്രതീകമായ സാത്താനെ ആരാധിക്കുന്ന വിഭാഗമാണ് ബ്ലാക് മാസ് വിശ്വാസികൾ. ഇവരെ സാത്താൻ സേവക്കാർ എന്നും വിളിക്കുന്നു. അവർ സാത്താനെ ആരാധിക്കുന്ന ചടങ്ങാണ് കറുത്ത കുർബാന. വികൃതവും പൈശാചികവുമായ ആരാധനാക്രമങ്ങളാണ് സാത്താൻ സേവക്കാർ പിൻതുടരുന്നത്. ക്രിസ്ത്യൻ വിശ്വാസത്തിന് നേരെ വിപരീതമാണ് ബ്ലാക് മാസ്. ക്രിസ്തുമത വിശ്വാസികളുടെ വിശുദ്ധ കുർബാനയ്ക്ക് ബദലായി ആവിഷ്ക്കരിച്ചിട്ടുള്ളതാണ് കറുത്ത കുർബാന. 1896ൽ ആണ് ബ്ലാക് മാസ് എന്ന പേര് ചരിത്രത്തിൽ ഇടം പിടിച്ചത്. പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിലും റഷ്യയിലുമൊക്കെ ബ്ലാക് മാസ് അനുഷ്ഠിച്ചിരുന്നതായി രേഖകളുണ്ട്. കത്തോലിക്കാ സഭാ വിശ്വാസത്തോട് എതിർപ്പുള്ളവരാണ് ബ്ലാക് മാസിന് തുടക്കമിട്ടത്. ഫ്രാൻസിലും ഇംഗ്ലണ്ടിലുമാണ് ബ്ലാക് മാസ് വ്യാപകമായി നടന്നിരുന്നത്. ഫ്രാൻസിൽ




ലൂയി പതിനാലാമന്റെ കാലത്ത് എതിരാളികളെ ഇല്ലായ്മ ചെയ്യാൻ 'ബ്ലാക് മോർച്ചറി മാസ്' നടത്തിയിരുന്നു.

സാത്താനെ പ്രകീർത്തിച്ചു കൊണ്ടുള്ള പ്രത്യേക മന്ത്രങ്ങളും ആചാരക്രമവുമാണ് ബ്ലാക് മാസിനുള്ളത്. ക്രിസ്ത്യൻ പള്ളിയിലേതുപോലെ പുരോഹിതനും അൾത്താരയും ചടങ്ങുകളുമുണ്ട്. വെള്ളിയാഴ്ച ദിവസമാണ് ബ്ലാക് മാസ് പ്രധാനമായും നടക്കുന്നത്. മാസത്തിലെ 13-ാം തീയതി വെള്ളിയാഴ്ചയായി വരുന്നതാണ് ഇവർക്ക് വിശേഷദിവസം. അന്ന് പ്രത്യേക ചടങ്ങുകളും വിശിഷ്ട വ്യക്തികൾ പ്രത്യേക കുർബാന അർപ്പിക്കുകയും ചെയ്യും.

പഞ്ചഭുജങ്ങളോടു കൂടിയ



ജെയ്സ് പാണ്ടനാട്

നക്ഷത്രവും അതിനുള്ളിലെ ഭീകരമുഖവുമാണ് ബ്ലാക് മാസിന്റെ പ്രതീകം. ഓരോ കുർബാനയിലും ഇരുപതിനും മുപ്പതിനുമിടയിൽ ആളുകളാണ് ഉണ്ടാവുക. അർദ്ധരാത്രിയിലാണ് സാധാരണ ആരാധന നടക്കുന്നത്. പകൽ സമയത്തും ബ്ലാക് മാസ് ഉണ്ടാകാറുണ്ട്. കറുപ്പും ചുവപ്പും നിറം ഇടകലർന്ന വസ്ത്രങ്ങളും അന്തരീക്ഷവുമാണ് ബ്ലാക് മാസിന് പശ്ചാത്തലമൊരുക്കുന്നത്. പുരുഷന്മാരാണ് കൂടുതലും സാത്താൻ സേവയിലെത്തുന്നത്. ഇപ്പോൾ സ്ത്രീകളും പങ്കെടുക്കുന്നുണ്ട്.

പാശ്ചാത്യ രാജ്യങ്ങളിൽ പൂർണ നഗ്നയായ സ്ത്രീയെ അൾത്താരയായി സങ്കൽപ്പിച്ചാണ് കറുത്ത കുർബാന നടക്കുന്നത്. വിശുദ്ധ കുർബാനയിൽ പുരോഹിതൻ അൾത്താരയിൽ ചുംബിക്കുമ്പോൾ ബ്ലാക് മാസിന് നേതൃത്വം കൊടുക്കുന്ന പുരോഹിതൻ സ്ത്രീയുടെ നഗ്നമായ ഉദരത്തിൽ ചുംബിക്കുന്നു. പ്രത്യേക പാത്രത്തിൽ ശേഖരിച്ച ആർത്തവരക്തവും പുരുഷ ശുക്ളവും ഉപയോഗിച്ചാണ് സാത്താന് കുർബാനയർപ്പിക്കുന്നത്. വീഞ്ഞിനുപകരം മനുഷ്യ തലയോട്ടിയിൽ ശേഖരിക്കുന്ന മനുഷ്യ മൂത്രവും ഉപയോഗിക്കുന്നു. ക്രിസ്ത്യൻ പള്ളികളിലെ പ്രാർത്ഥന തല തിരിച്ച് ചൊല്ലിയും 'ദൈവം' എന്നു പറയേണ്ട ഭാഗത്ത് സാത്താൻ എന്നു തിരുത്തിയും കറുത്ത കുർബാന നടത്തുന്നു. പിന്നീട് നഗ്നയായി കിടക്കുന്ന സ്ത്രീശരീരത്തിൽ ഒന്നൊന്നായി വൈകൃതാചാരങ്ങൾ നടക്കും. സാധാരണ കുരിശ് തലതിരിച്ച് ഉറപ്പിച്ച് അവഹേളിക്കുകയും പള്ളികളിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കളങ്കപ്പെടുത്തുകയും ചെയ്യുന്നത് കറുത്ത കുർബാനയുടെ ഭാഗമാണ്. കുർബാന അവസാനിക്കുന്നതോടെ പുരോഹിതൻ അൾത്താരയായ സ്ത്രീയെ പരസ്യമായി പ്രാപിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങളെ ബലിയർപ്പിക്കുന്നതുൾപ്പെടെയുള്ള മൃഗീയ ആചാരങ്ങളും ബ്ലാക് മാസിന്റെ ഭാഗമായുണ്ട്. മദ്യവും മയക്കുമരുന്നും യഥേഷ്ടം ഇവിടെ ഉപയോഗിക്കപ്പെടുന്നുണ്ട്.

ബ്ലാക് മാസിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ ഊർജിത ശ്രമം നടക്കുന്നുണ്ട്. ബ്ലാക് മാസിൽ അംഗമാകാൻ ക്ഷണിച്ചുകൊണ്ടുള്ള നിരവധി ഇന്റർനെറ്റ് സൈറ്റുകൾ നിലവിലുണ്ട്. വിദ്യാർത്ഥികളെയും ഐ.ടി. പ്രൊഫഷനുകളെയുമാണ് ലക്ഷ്യം വയ്ക്കുന്നത്. ഐ.ടി. രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ചെറുപ്പക്കാർ ബ്ലാക് മാസിന്റെ വക്താക്കളായി മാറിയിട്ടുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികളും കറുത്ത കുർബാനയിൽ അംഗങ്ങളായിട്ടുണ്ട്. കോളേജ് ഹോസ്റ്റലുകളിൽ ചെറിയ തോതിലുള്ള ബ്ലാക് മാസ് പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ബ്ലാക് മാസ് സംഘത്തിൽ അംഗമാകാനുള്ള വെബ് സൈറ്റിൽ ബ്ലാക് മാസിന്റെ പ്രത്യേകതയും നേട്ടങ്ങളും വിവരിക്കുന്നുണ്ട്. പതിനെട്ടു വയസിൽ താഴെ പ്രായമുള്ളവർക്ക് അംഗത്വം അനുവദിക്കുന്നതല്ലെന്ന് അറിയിപ്പും വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്. അംഗത്വത്തിനായി അപേക്ഷാ ഫോറം പൂരിപ്പിച്ച് അയക്കണം. ഫോൺ വഴിയും ബ്ലാക് മാസിൽ പങ്കെടുക്കാവുന്ന സംവിധാനങ്ങളും ഒരുക്കിയിരിക്കുന്നു.

കേരളത്തിൽ കറുത്ത കുർ

ശേഷം പേജ്: 10

## വംശനാശം നേരിടുന്ന മനുഷ്യ ജന്മങ്ങൾ..............................

ഞാനിപ്പോൾ ഒരു ഐക്യ കൺവൻഷനിൽ സംബന്ധിക്കുവാനുള്ള യാത്രയിലാണ്. ഇപ്പോൾ തന്നെ താമസിച്ചു പോയി നിങ്ങളെ സഹായിക്കുവാൻ സ്നേഹസമ്പന്നനായി കർത്താവ് മറ്റാരെയെങ്കിലും നിങ്ങളുടെ അടുത്തേക്ക് അയയ്ക്കും'.

വേദപുസ്തകം നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ട് ക്രിസ്ത്യാനി നടന്നകന്നു.

അല്പസമയത്തിനുള്ളിൽ ഒരു യുവ സുവിശേഷകൻ ആ വഴിയെത്തി. സുമുഖൻ. അർദ്ധ വൃത്താകൃതിയിലുള്ള മീശയിൽ തുങ്ങിനില്ക്കുന്നു എന്നു തോന്നിപ്പിക്കുന്ന താടിനന്നായി ട്രിം ചെയ്തിരിക്കുന്നു. വഴിയരികിൽ രക്തത്തിൽ കുളിച്ചുകിടക്കുന്ന ഹതഭാഗ്യനെ സുവിശേഷകൻ തുറിച്ചു നോക്കി –

'എന്റെ ദൈവമേ! കണ്ണിൽ ചോരയില്ലാത്ത ഈ കടുംകൈ യാരാണ് ഈ മനുഷ്യനോട് ചെയ്തത്?

ചിന്താനിമഗ്നനായി നിന്ന സുവിശേഷകൻ ചില നിമിഷങ്ങൾക്കു ശേഷം സഞ്ചാരിയോടു പറഞ്ഞു –

'പ്രഗത്ഭനായ ഒരു വേദ പണ്ഡിതൻ എന്ന നിലയിലും, വിവിധ ഡോക്ടറൽ ഡിഗ്രികൾ കരസ്ഥമാക്കിയ വിദ്യാസമ്പന്നൻ എന്നുള്ള നിലയിലും ഞാൻ ഒരു കാര്യം തുറന്നുപറയട്ടെ. സഹോദരാ, കഴിഞ്ഞകാല ജീവിതത്തിൽ നിങ്ങൾ ചെയ്തുകൂട്ടിയ പാപ പ്രവൃത്തികളുടെ ഫലമാണ് നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്നത്'.

വേദന കടിച്ചമർത്തി തളർന്ന സ്വരത്തിൽ സഞ്ചാരി കെഞ്ചി –

'വല്ലാതെ ദാഹിക്കുന്നു... ഒരല്പം വെള്ളം തരൂ.., പ്ലീസ്'.

സഞ്ചാരിയുടെ അപേക്ഷ അവഗണിച്ചു കൊണ്ട് സുവിശേഷകൻ ആവേശത്തോടെ പറഞ്ഞു–

'സഹോദരാ, വിശുദ്ധ വേദപുസ്തകം പറയുന്നത് എന്താണെന്ന് നിങ്ങൾക്കറിയാമോ? ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും'.

നിമിഷങ്ങൾ നീണ്ടു നിന്ന നിശബ്ദതയ്ക്കുശേഷം സുവിശേഷകൻ തുടർന്നു –

'ഞാനൊരു അഖിലലോക മിഷനറി പര്യടനത്തിനിടയിലാണ്. കഴിഞ്ഞയാഴ്ച ഞാൻ ടെഹ്റാനിലായിരുന്നു. ഇന്ന് ബെഹ്റിനിലേക്കു പോകുന്നു. അടുത്തയാഴ്ച ഞാൻ ബോസ്റ്റനിലും, പിന്നീട് ഹ്യൂസ്റ്റനിലുമായിരിക്കും'.

'ഒരല്പം വെള്ളം തരൂ... പ്ലീസ്... ഞാൻ മരിച്ചുകൊണ്ടിരിക്കുകയാണ്.'

ആവേശത്തോടെ സുവിശേഷകൻ പറഞ്ഞു –

'അതോർത്ത് നിങ്ങൾ ഭാരപ്പെ

## 6 -ാം പേജ് തുടർച്ച

ടേണ്ട. ഞാനെന്റെ ലോക പര്യടനത്തിനുശേഷം മടങ്ങിവരുമ്പോൾ, നിങ്ങൾക്കുവേണ്ടി ഒരു ഗംഭീര ക്രൂസേഡ് ക്രമീകരിക്കാം. തത്സമയം ഞാൻ നേതൃത്വം കൊടുക്കുന്ന രോഗശാന്തി ശുശ്രൂഷയ്ക്കിടയിൽ ഞാൻ നിങ്ങളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ച് സൗഖ്യമാക്കാം. എന്നാൽ ഞാൻ മടങ്ങിവരുന്നതിനുമുമ്പ് നിങ്ങൾ മരിച്ചാൽ, നിങ്ങൾക്കുവേണ്ടി ഗംഭീരമായ ഒരു ശവസംസ്കാര ശുശ്രൂഷ ഞാൻ ക്രമീകരിക്കും. ആമൂല്യമായ മാർബിൾ കല്ലുകൾകൊണ്ട് പണിതുയർത്തിയ ശവകുടീരത്തിൽ നിങ്ങളുടെ മൃതശരീരം ഞാൻ സംസ്കരിക്കും. ഞാൻ മടങ്ങിവരുന്നതുവരെയും. സർവ്വകൃപാലുമായ ദൈവം നിങ്ങൾക്ക് സന്തോഷവും, സമാധാനവും ധാരാളമായി പകർന്നു തരട്ടെ.'

സുവിശേഷകൻ ധൃതിയിൽ നടന്നകടന്നു. ആ പാതയിലൂടെ ബിഷപ്പുമാരും, പുരോഹിതന്മാരും, പാസ്റ്റർമാരും, മൂപ്പന്മാരുമൊക്കെ കടന്നുപോയി. എന്നാൽ ആ നിമിഷങ്ങളുടെ ആവശ്യം അവരാരുമായിരുന്നില്ല. മുറിവേറ്റുകിടക്കുന്ന സഞ്ചാരിക്ക് അല്പം ദാഹജലം പകർന്നുകൊടുക്കാൻ സന്മനസ്സുള്ള ഒരു നല്ല ശമര്യാക്കാരൻ. പക്ഷെ നല്ല ശമര്യാക്കാരാരും ആ വഴി വന്നില്ല. ആ നല്ല ശമര്യാക്കാരനെ കാത്ത് ആധുനിക യുഗത്തിലെ മുറിവേറ്റ സഞ്ചാരി പാതയോരത്ത് കിടക്കുമ്പോൾ, ഹൃദയം തകർക്കുന്ന ഒരു യാഥാർത്ഥ്യം അദ്ദഹമറിഞ്ഞില്ല.

വംശ നാശ ഭീഷണി നേരിടുന്ന ഒരു അപൂർവ്വ വിഭാഗമാണ് നല്ല ശമര്യാക്കാർ!

മരണവുമായി മല്ലു പിടിച്ചുകൊണ്ട് മുറിവേറ്റ സഞ്ചാരി ഇന്നും പാതയോരത്ത് കിടക്കുകയാണ്. ഒരു നല്ല ശമര്യാക്കാരനെ കാത്ത്!

## കറുത്ത കുർബാനയുടെ മനഃശാസ്ത്രം.......... 9-ാം പേജ് തുടർച്ച

ബാനയിലേക്ക് കൂടുതൽ ആളുകൾ ആകൃഷ്ടരാകുന്നു എന്നു വേണം കരുതാൻ. എന്താണ് ഇതിനു പിന്നിലെ മനഃശാസ്ത്രം? ബ്ലാക് മാസിൽ വിശ്വസിക്കുന്നവർ അവകാശപ്പെടുന്നപോലെ സമ്പൂർണ്ണജീവിത വിജയമൊന്നും ലഭിക്കുന്നില്ല. മറിച്ച് തിന്മയുടെ വഴിയെ സഞ്ചരിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് അതിനുള്ള ഒരു മാർഗം മാത്രമാണത്.

തിന്മയെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ബ്ലാക് മാസിൽ ചെയ്യുന്നത്. മദ്യപാനവും മറ്റ് ലഹരി വസ്തുക്കളുടെ ഉപയോഗവും ഫ്രീ സെക്സും ബ്ലാക് മാസിന്റെ ആചാരങ്ങളാണ്. ഫ്രീ സെക്സാണ് പലപ്പോഴും യുവാക്കളെ ബ്ലാക് മാസിലേക്ക് ആകർഷിക്കുന്നത്. അവിടെ തെറ്റുകൾ ശരികളാണ്. ജീവിതചര്യയിൽ മൂല്യബോധം വെടിയുന്നവരാണിവർ. സ്വന്തം തിന്മകളെ ന്യായീകരിക്കാൻ ബ്ലാക് മാസിലൂടെ സാധിക്കുന്നു.

സാധാരണ ജീവിതത്തിൽ നന്മ ചെയ്യുമ്പോൾ മനസിലുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും ബ്ലാക് മാസിൽ വിശ്വസിക്കുന്നവർക്ക് തിന്മ ചെയ്യുമ്പോൾ ലഭിക്കുന്നു. തിന്മ ചെയ്യാൻ നമുക്ക് എളുപ്പം കഴിയും. എന്നാൽ നന്മയുടെ വഴി തെരഞ്ഞെടുക്കാൻ മനസിനെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഈ ശക്തിപ്പെടുത്തൽ ബ്ലാക് മാസിൽ ആവശ്യമില്ല. തെറ്റു ചെയ്തു എന്ന കുറ്റബോധവും ഇവർക്കുണ്ടാവുന്നില്ല.

ഒറ്റവാക്കിൽ പറഞ്ഞാൽ മൂല്യബോധത്തിന്റെ ശോഷണമാണ് ഇതിന്റെയെല്ലാം അടിസ്ഥാന കാരണം. നമ്മുടെ മതധർമ്മസ്ഥാപനങ്ങൾക്കുണ്ടായ ശോഷമാണ് ഇത്തരം ബദൽ വിശ്വാസ പ്രസ്ഥാനങ്ങൾ ഉയർന്നുവരാൻ ഇടയാക്കിയത്. നന്മയെ മനുഷ്യഹൃദയങ്ങളിൽ ഊട്ടിയുറപ്പിക്കേണ്ട ഇത്തരം സ്ഥാപനങ്ങൾ പണത്തിനും മറ്റ് വാണിജ്യ താൽപര്യങ്ങൾക്കും മാത്രമായി നിലകൊണ്ടു. അതോടെ നന്മയും നല്ല വിശ്വാസങ്ങളും പെരുവഴിയിലായി.

ക്രിമിനലുകളെ സൃഷ്ടിക്കാൻ ബ്ലാക് മാസു പോലുള്ള വിശ്വാസങ്ങൾക്ക് കഴിയും. ഞാൻ എന്തും ചെയ്യും, ഞാൻ വിശ്വസിക്കുന്നത് ചെകുത്താനെയാണെന്ന ചിന്ത ചിലപ്പോൾ ചിലരെയെങ്കിലും ക്രൂരകൃത്യങ്ങൾക്ക് പ്രേരിപ്പിക്കാം. ചിലർ മാനസിക പ്രശ്നങ്ങളിലേക്ക് വഴുതി വീഴും. പെരുമാറ്റ വൈകല്യം, ഉന്മാദം തുടങ്ങിയ മാനസികാവസ്ഥകൾക്ക് ബ്ലാക് മാസ് വഴിതെളിക്കും. അധർമ്മ മൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്കൊത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെയായിരിക്കും.

## മാധ്യമ വിചാരം .... 12 -ാം പേജ് തുടർച്ച

ആക്ഷേപമായി ഉന്നയിച്ചു എന്നതു സത്യമാണ്. ആ ആരോപണങ്ങളിൽ ഞാനുറച്ചു നിൽക്കുന്നു. ഇനി നിരവധി ഇത്തരം വിശദീകരണങ്ങൾ നൽകാം. എന്തിന്, ശ്രീ. വിത്സനു തന്നെയറിയാം മേൽപ്പറഞ്ഞ ഗാനങ്ങളിലെ കൃത്യമത്വം എന്തെന്ന്.

വിത്സനോട് അസൂയാ തോന്നാൻ പാകത്തിന് എന്തെങ്കിലും അസമാന്യ പ്രതിഭയുള്ള ആളായി ഞാൻ അദ്ദേഹത്തെ കാണുന്നില്ല. ഇനി അങ്ങനെയാണെങ്കിൽ തന്നെ എന്റെ വ്യവഹാര മണ്ഡലം സംഗീതവുമല്ല. പിന്നെ ഞാനെന്തിന് വിത്സന്റെ ഗാനങ്ങളെയും അദ്ദേഹത്തിന്റെ പ്രവർത്തനത്തെയും മനപൂർവ്വം ആക്ഷേപിക്കണം? വിത്സൻ എന്നു മാത്രമല്ല പ്രസ്ഥാനവത്ക്കരിക്കപ്പെട്ട ആത്മീകതയോടും ജാഢകലർന്ന സമീപനങ്ങളോടും ആശയയുദ്ധത്തിന് പകരം ആയുധങ്ങളെയും ഗുണ്ടകളെയും കളത്തിലിറക്കുന്ന കപട വേഷധാരികളായ സുവിശേഷ വണിക്കുകളോടും എനിക്ക് ആജീവനാന്തം യുദ്ധമുള്ളയാളാണ്.

ശ്രീ. വിത്സനും ഞാനും ഈ വർഷം രണ്ടു വേദികളിൽ ഒരുമിച്ചുണ്ടായിരുന്നു. ഒരിടത്ത് അദ്ദേഹത്തെ വിളിക്കുന്നതിൽ എനിക്ക് എതിർപ്പുണ്ടോയെന്ന് സംഘാടകർ ആരാഞ്ഞിരുന്നു. വിത്സന് പകരം വരുന്നതും അദ്ദേഹത്തെപ്പോലെ മറ്റൊരാളായി കൂടെന്നില്ലല്ലോ. അതുകൊണ്ട് അദ്ദേഹത്തിന്റെ അവസരം നഷ്ടപ്പെടുത്തിയിട്ട് എനിക്കെന്തുകാര്യം? നിങ്ങൾ താല്പര്യം പോലെ ചെയ്യൂ. എന്നേ ഞാൻ പ്രതികരിച്ചുള്ളു. എന്നാൽ അദ്ദേഹത്തിന്റെ സംഗീതത്തെ സഹിക്കാൻ വേണ്ട മനക്കരുത്ത് ഇല്ലാത്ത ഒരാൾ എന്ന നിലയിൽ വിത്സൻ പാടുന്നിടത്ത് സംഗീത കോലാഹലം കഴിഞ്ഞുമാത്രമേ കഴിവതും എത്താവൂ എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ ഭക്ഷണം കഴിക്കുന്ന വേളയിൽ വിത്സൻ ഒരു മുഖാമുഖ സംവാദത്തിന് അവസരം തേടി. സുവിശേഷ പ്രസംഗ വേദികൾ ഇത്തരം സംവാദങ്ങൾക്ക് പറ്റിയ ഇടമായി എന്നിലെ ധാർമ്മികത കരുതുന്നില്ല. അതിനെ എന്റെ ഭയമായി അദ്ദേഹം തെറ്റിദ്ധരിച്ചു. എനിക്ക് അദ്ദേഹത്തോട് ആശയ യുദ്ധമേയുള്ളു. അതിനുവേണ്ടി അദ്ദേഹം സങ്കീർത്തനത്തിൽ അഭിമുഖം നൽകിയതും നല്ലതെന്നേ എനിക്കുപറയാനുള്ളു. വിത്സനെ ഭയക്കാൻ അദ്ദേഹം ആയുധം കരുതി നടക്കുന്നാളായി ഞാൻ കാണുന്നില്ല. ഭയപ്പെടുത്തി എന്നേ അദ്ദേഹത്തിന്റെ ഫാനാക്കി മാറ്റാൻ കഴിയുമെന്ന് അദ്ദേഹവും ചിന്തിക്കുന്നുണ്ടാവില്ല.

മാധ്യമ വിചാരകനെ സംബന്ധിച്ചിടത്തോളം വിത്സൻ ഒരു പ്രതീകം മാത്രമാണ്. ഇങ്ങനെ നിരവധി പേർ കഴമ്പില്ലാത്ത ജാഢയുമായി ക്രൈസ്തവ മേഖലയിലുണ്ട്. അവരുടെ ഇളക്കിപ്പെരുപ്പ് തരംഗങ്ങളിൽ മടുപ്പുളവാകുന്ന ജനം സ്വഭാവികമായി അവരെ പുറന്തള്ളുന്നു. അതിനെ അതിജീവിക്കാൻ പുതിയ തന്ത്രങ്ങൾ പലരും പയറ്റാറുണ്ട്. ചില പ്രസംഗകർ, പാട്ടുകാർ, സഭാ നേതാക്കന്മാർ ഒക്കെ തന്നെ ഇത്തരം മാന്ദ്യത്തിൽ കുരുങ്ങികിടക്കുകയാണ്. അവർ തങ്ങൾക്കു ഭവിച്ച പരാജയം തിരിച്ചറിഞ്ഞ് തിരുത്തൽ പ്രക്രിയകൾക്ക് തയ്യാറാകുമ്പോൾ കാര്യങ്ങൾ സ്വഭാവികമായും ഗുണപരമായി ഭവിക്കാം. എന്നാൽ അതിനുപകരം പ്രതികരിക്കുന്നവരെ ഉമ്മാക്കി കാട്ടി പേടിപ്പിക്കാനാണ് ഭാവമെങ്കിൽ അതൊന്നും ഇവിടെ ഇന്ത്യയിൽ വിലപ്പോകില്ല. ഇത് പൗരവാകാശവും വിവരാവകാശവും ആവിഷ്കാര സ്വാതന്ത്ര്യവും ഉള്ളനാടാണ്. എം. റ്റിയുടെ വാരണാസി കോപ്പിയടിച്ചതാണെന്ന് എം. വി. ദേവൻ ആക്ഷേപം ഉന്നയിച്ച നാട്. അഴീക്കോടിന്റെ അവാർഡു കൃതി തത്ത്വമസി കോപ്പിയാണെന്ന് വീരേന്ദ്രകുമാർ വിലയിരുത്തിയ നാട്. അതുകൊണ്ട് വിത്സന്റെ ഗാനങ്ങളിൽ വ്യക്തമായ അനുകരണമുണ്ടെന്നും ഉപദേശപിശകുണ്ടെന്നുമുള്ള എന്റെ ആരോപണത്തിൽ ഉറച്ചു നിന്നുകൊണ്ട് ഏതു വിദഗ്ദ സമിതിയ്ക്കു മുമ്പിലും വാദഗതി തെളിയ്ക്കാൻ തയ്യാറാണെന്നും ഈ കുറിപ്പു മൂലം ഉറപ്പാക്കുന്നു.

## ◄06 Tucson Tragedy and The Eve Mindset

to ourselves that we don't need to change and that it was some one else's fault. Acknowledging our fault is not without its consequences. Ability to accept both good and bad is something that we all need practice with in our lives. Job's response when he was afflicted is mentioned in 2:10, "Shall we accept good from God and not trouble?" The reason why we blame others is often driven by the fear of repercussion because taking accountability for our actions does come with its price. Fear of the repercussions is what motivates us to deflect, blame, rationalize or minimize our actions. Jonah rebelled against God by refusing to go to Nineveh. But, toward the end of his rebelliousness he takes responsibility for his disobedience, even though the repercussions were treacherous. Jonah 1:8.

While political violence in America has been mercifully a rare occurrence, the last killing of a member of Congress came in 1978, and that was in Guyana and the attempted assassination of a President-Ronald Reagan was 30 years ago, we do not know at this point if Mr. Loughner's actions were politically motivated or it was a senseless act of a deranged mind.

But for the moment the indiscriminate carnage in Tucson looks more like the killings by a deranged student at Virginia Tech in 2007, or the schoolroom atrocity at Columbine in 1999, than the politically motivated assassinations of the Kennedys or Martin Luther King.

However way the post Tucson tragedy changes political perception, it is time to accept the real villain of the piece, the easy accessibility to guns, besides the killer himself. Sometimes it's just not the winning one-liner to say that it's the people that kill and not guns. We need to keep sharp objects and weapons of harm well and truly far away from the reach of "babies".

## ടിവിചാനലുകൾ ...... 3 -ാം പേജ് തുടർച്ച

തയാകുന്ന മാതാവ് സ്വയം വിന ഒരുക്കുകയാണ്. ടിവിയുള്ള വീടുകളിൽ, ശരാശരി 3-വയസ്സാകുമ്പോൾ തന്നെ കുട്ടികൾ ടിവിയുടെ നിയന്ത്രണം ഏറ്റെടുത്തു തുടങ്ങും. ഈ പ്രവണത കുഞ്ഞുങ്ങളുടെ ഭാവിയെ കാര്യമായി ബാധിക്കാം. കുട്ടികൾക്ക് ടിവി കാണുവാൻ പ്രത്യേക സമയം നിഷ്കർഷിക്കുകയും, നല്ല ചാനലുകൾ തിരഞ്ഞെടുക്കുവാനും കുട്ടികളെ പ്രേരിപ്പിക്കണം.

ശ്രദ്ധിക്കുക

★ ടി. വി. കാണുന്നതിന് സമയം നിഷ്കർഷിക്കുക
★ നല്ലതു തിരഞ്ഞെടുക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കുക
★ പ്രായത്തിൽ മുതിർന്നവർ കുട്ടികൾക്ക് മാതൃകയാകുക.
★ ടിവി കാണുന്നത് അനുകരിക്കുന്ന ശീലം പ്രോത്സാഹിക്കാതിരിക്കുക.
★ പഠന താല്പര്യം വർദ്ധിക്കുന്ന പരിപ്പാടികൾ കണ്ടെത്തുക
★ തുടർച്ചയായി നിരവധി മണിക്കൂർ മാറ്റി വയ്ക്കേണ്ട തരം പരിപ്പാടികൾ ഒഴിവാക്കുക. ഉദാ: സീരിയൽ, ക്രിക്കറ്റ്
★ ആത്മീയ മൂല്യമുള്ള പരിപ്പാടികൾ വീടുകളിൽ നിർബന്ധമാക്കുക

അടുത്ത ലക്കത്തിൽ ഇന്റർനെറ്റും മൊബൈലും

## ശുശ്രൂഷകർ .... 1-ാം പേജ് തുടർച്ച

അദ്ദേഹം. സുവിശേഷകനെ സംബന്ധിച്ച് ആത്മാക്കളെ നേടുകയെന്നതാണ് വലിയ ദൗത്യം. ആത്മഭാരമുള്ളവനു മാത്രമേ സുവിശേഷകനാകാൻ കഴിയൂയെന്ന് അദ്ദേഹം പറഞ്ഞു.

കൊയ്ത്തിനായി മുമ്പോട്ട് എന്നതാണ് ചിന്താവിഷയം. സ്റ്റേറ്റ് അസി. ഓവർസിയർ റവ. പി.ജി മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ എം. ഒ. ഏലിയാസ്, പാസ്റ്റർമാരായ പി. ജെ. ജെയിംസ്, ജോസ് ബേബി, ജെ. ജോസഫ്, ഈപ്പൻ ചെറിയാൻ, വൈ. റെജി എന്നിവർ പ്രസംഗിച്ചു. സമ്മേളനം 23 ന് രാവിലെ തിരുമേശയോടെ സമാപിക്കും. ബൈബിൾ കോളേജുകളുടെ ഗ്രാജുവേഷൻ, സൺഡേസ്കൂൾ, വൈ. പി. ഇ, ലേഡീസ് മിനിസ്ട്രി എന്നിവയുടെ സംയുക്ത വാർഷികം എന്നിവയും നടന്നു. കൾച്ചറൽ ട്രെയിനിംഗ് സെന്ററിന്റെ സമർപ്പണ ശുശ്രൂഷയും ചിൽഡ്രൻസ് ഹോമിന്റെ ശിലാസ്ഥാപനവും 21 ന് മൂന്നിനു സഭാ ആസ്ഥാനമായ മുളക്കുഴ സിയോൻകുന്നിൽ നടന്നു.

www. beljourn. org

# ബൈബിൾ കൺവൻഷൻ

**കട്ടപ്പന:** ഹൈറേഞ്ച് മേഖലയിലെ എല്ലാ ദൈവ സഭകളുടെയും സംയുക്ത സംരഭമായ, ഹൈറേഞ്ച് മേഖല ബൈബിൾ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. ജനുവരി 26 -30 വരെ കടപ്പന പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടക്കുന്നു. ഹൈറേഞ്ചിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമത്തിന്റെ നടത്തിപ്പിനായി പാസ്റ്റർ തോമസ് എം. പുളിവേലിൽ ചെയർമാനും, ബ്രദർ. ഷൈജു മാത്യു ജന. സെക്രട്ടറിയും, പാസ്റ്റർമാരായ എം. റ്റി. തോമസ്, ജോസ് തോമസ്, കുര്യാക്കോസ് എം. കടുക്കച്ചിറ, കെ. എ. തോമസ്, ബിജു ഏബ്രഹാം, സാജൻ വർഗ്ഗീസ്, സജുകുമാർ, ജോയി ഏബ്രഹാം, റ്റി. പി. ജോയി, ഉമ്മൻ ദാനിയേൽ എന്നിവർ കൺവീനർമാരായി വിപുലമായ കമ്മറ്റി പ്രവർത്തിച്ചുവരുന്നു.

26ന് വൈകിട്ട് 6 മണിക്ക് ചെയർമാൻ പാ തോമസ് എം. പുളിവേലിൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ പി.സി. ചെറിയാൻ, സണ്ണി കുര്യൻ, റ്റി.ജെ. സാമുവേൽ, പി. റ്റി. തോമസ്, പി. ജെ. ജെയിംസ് എന്നീ ദൈവദാസന്മാർ ശുശ്രൂഷിക്കുന്നു. ന്യൂ ലൈഫ് സിംഗേഴ്സ് കടപ്പനയുടെ നേതൃത്വത്തിൽ കേരളത്തിലെ പ്രമുഖ കലാകാരന്മാരെ പങ്കെടുപ്പിക്കുന്ന സംഗീത ആരാധനയും നടക്കും.

## ഐ. പി. സി. ..... 1-ാം പേജ് തുടർച്ച

ത്തിൽ പാസ്റ്റർ റ്റി. എസ്. ഏബ്രഹാം കർത്തൃമേശ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കെ. സി. ജോൺ സമാപന സന്ദേശം നൽകി. പാസ്റ്റേഴ്സ് സുദർശനൻ പിള്ളി, റോയി പൂവക്കാല, ജോസഫ് കെ. മാത്യു, ബ്രദർ കുര്യൻ ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ഗായകസംഘം ഗാനശുശ്രൂഷ നിർവ്വഹിച്ചു. നല്ലക്രമീകരങ്ങൾ, നല്ല ഭക്ഷണം എന്നിങ്ങനെ കൺവൻഷൻ മികച്ചു നിന്നു. നല്ല പ്രഭാഷകരുടെ പ്രസംഗങ്ങൾക്ക് ശ്രോതാക്കൾ കൂടുതലായെത്തിയത് ശ്രദ്ധേയമായി. ഇളക്ക പെരുക്കങ്ങളേക്കാൾ വചനകേൾവിക്കു ജനം പ്രാധാന്യം നൽകുന്നത് ശുഭകരമാണ് എന്നു പറയാതെവയ്യ. പൊതുവെ ജന പങ്കാളിത്തം കുറയുന്നത് കൺവൻഷനുകളോടുള്ള വിരക്തി ജനത്തിന്റെ ഇടയിൽ വർദ്ധിക്കുന്നതിന്റെ ലക്ഷണമാണ്.

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

കഥ

# സ്വർഗ്ഗീയ വിരുന്ന്



ആഷേർ കെ. മാത്യു
ഇരവിപേരൂർ, 9847137751

സമയം 9.45. പത്തുമണിയാകാറായി. അന്നമ്മക്ക് ആകെ പരവേശമായി. അച്ചായൻ ഇതുവരെ എഴുന്നേറ്റിട്ടില്ല. അല്ലെങ്കിലും അങ്ങനെയാണ്. ഞായറാഴ്ച ദിവസം തോമാച്ചായൻ വളരെ താമസിച്ചേ എഴുന്നേല്ക്കൂ. പള്ളിയിലൊന്നും പോകുന്ന പതിവില്ല. രാവിലെ എഴുന്നേറ്റു ചായ കുടിച്ചുകഴിഞ്ഞാൽ പിന്നെ നേരെ കവലയിലേക്ക്. ഊണിന്റെ സമയമാകുമ്പോൾ വീട്ടിൽ തിരിച്ചെത്തും.

പത്ത് മണിക്ക് ആരാധന തുടങ്ങുമ്പോൾ തന്നെ സഭയിലെത്തണമെന്ന് അന്നാമ്മക്ക് നിർബന്ധമാണ്. തോമാച്ചായന്റെ ഊണിന്റെ സമയമാകുമ്പോഴേക്ക് തിരികെയെത്തുകയും വേണം. അന്നമ്മയക്ക് ആകെ വേവലാതിയായി. അച്ചായന്റെ കണ്ണു വെട്ടിച്ചു വേണം ആരാധനക്കു പോകുവാൻ. പെന്തെക്കോസ്തുകാരുടെ പ്രാർത്ഥനക്ക് പോയെന്നറിഞ്ഞാൽപ്പിന്നെ, തോമാച്ചായൻ അന്നമ്മയെ ജീവനോടെ വെക്കില്ല. അത്രക്ക് പെന്തെക്കോസ്തു വിരോധിയാണ് തോമാച്ചൻ.

തോമാച്ചനോട് പറയാതെയാണ് അന്നാമ്മ പ്രാർത്ഥനക്ക് പോകാൻ തുടങ്ങിയതും, സ്നാനപ്പെട്ടതും സ്നാനം കഴിഞ്ഞു വന്ന, ആ ദിവസത്തെ അടിയുടെ വേദന ഇപ്പോഴും അന്നമ്മക്ക് വിട്ടുമാറിയിട്ടില്ല. മർദ്ദനം സഹിക്കാനാകാതെ വന്നപ്പോഴാണ് ചില ദിവസങ്ങൾ അന്നമ്മ ആരാധനക്ക് പോകാതായത്. ഇന്നു കൂടി പോയില്ലെങ്കിൽ ഇത് മൂന്നാം ഞായറാഴ്ച. ഇന്നെങ്ങനെയെങ്കിലും പോയേ പറ്റൂ. സഭയിൽ ചെന്ന് ആത്മാവിലാരാധിക്കുന്നതിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ആരാധനയുടെ കാര്യം ഓർത്തപ്പോഴേ അന്നമ്മക്ക് പോകുവാൻ തിടുക്കമായി.

"അച്ചായാ, കാപ്പി മേശപ്പുറത്തിരിപ്പുണ്ട്. ചൂട് പോകും മുമ്പ് എടുത്ത് കുടിക്ക്. ഞാൻ പറമ്പിൽ വിറകു വല്ലതും ഉണ്ടെങ്കിൽ പെറുക്കിക്കൊണ്ടുവരാം".

കൈയ്യിൽ ഒരു വെട്ടുകത്തിയുമെടുത്ത് അന്നമ്മ പുറത്തേക്കിറങ്ങി. വളർന്നു നില്ക്കുന്ന കപ്പക്കൂട്ടത്തിന്റെ ഇടയിൽ വെള്ളസാരിയും, വേദപുസ്തകവും അന്നമ്മ നേരത്തെ തന്നെ സൂക്ഷിച്ചുവച്ചിരുന്നു. അതിവേഗം സാരിയുടുത്ത്, വേദപുസ്തകവും കൈയ്യിലെടുത്ത് അന്നമ്മ വേഗം നടന്നു. അല്ല, ഓടി.

ഹാളിലെത്തിയപ്പോഴേക്ക് ആദ്യത്തെ പാട്ടു തുടങ്ങിയിരുന്നു. താൻ അല്പം താമസിച്ചിരിക്കുന്നു. എങ്കിലും സാരമില്ല. അന്നമ്മ പാടുവാൻ തുടങ്ങി. ആത്മാവിൽ നിറഞ്ഞ് ആരാധിക്കുവാനും. സ്വർഗ്ഗം താണിറങ്ങി വന്ന അനുഭവമായിരുന്നു അന്നമ്മക്ക്. സമയം പോയത് അറിഞ്ഞതേയില്ല. പാസ്റ്ററുടെ പ്രസംഗം ഒരു വാക്കുപോലും വിടാതെ അന്നമ്മ ശ്രദ്ധിച്ചു. കർത്താവിന്റെ മേശയിലും പങ്കെടുത്തു. ഒരു സ്വർഗ്ഗീയ വിരുന്നിൽ പങ്കെടുത്ത അനുഭവമായിരുന്നു, അന്നമ്മക്ക്. ആശീർവാദം പറഞ്ഞയുടനെ തന്നെ അന്നമ്മ വെളിയിലിറങ്ങി. കൂട്ടു വിശ്വാസികളുടെ ക്ഷേമമൊക്കെ തിരക്കണമെന്നുണ്ട്. പക്ഷെ, തോമാച്ചൻ വരുന്നതിനു മുമ്പെ വീട്ടിലെത്തണം.

'എന്താ അന്നമ്മെ, രണ്ടാഴ്ചയായല്ലോ ആരാധനക്കു കണ്ടിട്ട്, പിന്മാറ്റമാണോ?' പുറകിൽ നിന്നു കേട്ട ശബ്ദം മേരിക്കുട്ടിയുടേതാണ്. അന്നമ്മക്ക് പറയുവാൻ വാക്കുകൾ കിട്ടിയില്ല. കൂടം കൊണ്ട് തലയിൽ അടിച്ചിരുന്നെങ്കിൽ പോലും അത്രയും വേദനയെടുക്കുമായിരുന്നില്ല. മറുപടി പറയാൻ നില്ക്കാതെ അന്നമ്മ ഓടി. മനസ്സിൽ ആധിയായിരുന്നു. "ദൈവമേ! തോമാച്ചൻ വീട്ടിൽ വന്നു കാണല്ലെ!"

മറിയച്ചേട്ടത്തിയുടെ വീടിനു മുമ്പിൽ കൂടിയാണ് അന്നമ്മക്ക് വീട്ടിലേക്ക് പോകേണ്ടത്. കൊട്ടാരസമാനമായ ആ വീട്ടിലേക്ക് അന്നമ്മ ഒന്ന് എത്തിനോക്കി. 'മറിയച്ചേട്ടത്തിയെ ഇന്ന് ആരാധനക്കു കണ്ടില്ലല്ലോ. ഇനി വല്ല അസുഖമോ മറ്റോ ആയിരിക്കുമോ? ഇങ്ങനെ ചിന്തിച്ചുപോകുമ്പോഴാണ് അടുക്കള വശത്തു നിന്നും വിളികേട്ടത്.

'എടീ, അന്നമ്മേ, യോഗം എന്താ നേരത്തേ കഴിഞ്ഞോ?"

"ഇല്ല ചേട്ടത്തീ, തോമാച്ചായൻ വരുന്നതിനു മുമ്പ് വീട്ടിലെത്തണ്ടേ? അതുകൊണ്ട് ഞാൻ വേഗം പോരുന്നു".

"ഓ! ശരിയാ. അങ്ങേര് വരുന്നതിനുമുമ്പ് വേഗം ചെല്ല്"

"ശരി. ഇന്ന് ചേട്ടത്തിയെ ആരാധനക്ക് കണ്ടില്ലല്ലോ? എന്ത് പറ്റി? അസുഖം വല്ലതും...

"ഓ... അസുഖം ഒന്നുമില്ലെടീ. എന്റെ അമ്മാച്ചന്റെ മോനും മരുമോളുമൊക്കെ ഉച്ചക്ക് ഇങ്ങോട്ടു വരുമെന്നു വിളിച്ചു പറഞ്ഞു. രാവിലെ പോയി കുറച്ചു മീൻ വാങ്ങിച്ചു. അത് വെട്ടി കറിയൊക്കെ വച്ചു വന്നപ്പോഴേക്ക് സമയമങ്ങു പോയി. പിന്നെ വന്നില്ലന്നേയുള്ളൂ'

'ഉ്ഹാ...... ശരി. ഞാൻ പോകട്ടെ".

അന്നമ്മ വീണ്ടും നടന്നു. മനസ്സിലേക്ക് ആയിരം ചിന്തകൾ ഓടി വന്നു അന്നമ്മ തോമാച്ചായനെ മറന്നു. തോമാച്ചായന്റെ അടിയും മറന്നു. ദൈവസന്നിധിയിൽ ചിലവഴിച്ച, അവിടെ നിന്നും പ്രാപിച്ച സ്വർഗ്ഗീയ വിരുന്നിന്റെ സ്വാദിലേക്ക് അന്നമ്മയുടെ ഓർമ്മകൾ സഞ്ചരിച്ചു. ഹാബേലും, കായീനുമെല്ലാം അന്നമ്മയുടെ ചിന്തകളിൽ ഓടികളിച്ചു. അതുകൊണ്ടാവാണം, മറിയച്ചേട്ടത്തിയുടെ മീൻകറിയുടെ മണം അന്നമ്മയുടെ മൂക്കിലെത്തിയതേയില്ല.

## ഗ്രാജുവേഷൻ



**ചെറുവക്കൽ:** ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തീകരിച്ച 63 പേർ ക്രിസ്തു നയിക്കുന്ന ദൗത്യ സേനയിലെ അംഗങ്ങൾ ആയെന്നും, ദൈവം നല്കിയിട്ടുള്ള വ്യത്യസ്ത ദൗത്യത്തിൽ നിന്നും ഇനി ആർക്കും പിന്മാറാനാകില്ലെന്നും പ്രസിഡന്റ് റവ. ജോൺസൺ ഡാനിയേൽ പറഞ്ഞു. ഡിസംബർ 25 ന് നടന്ന ബിരുദദാന സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഡോ. ബി. വർഗീസ് മുഖ്യ സന്ദേശം നല്കി. വിവിധ പഠന കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് പ്രസിഡന്റ് ബിരുദം നല്കി. മന്ത്രി മുല്ലക്കര രത്നാകരൻ ആശംസ അറിയിച്ചു. ബിരുദധാരികൾക്ക് സമ്മാനങ്ങളും തിരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രത്യേക അവാർഡുകളും നല്കി.

## സ്നാനം

**ചെറുവക്കൽ:** ഡിസംബർ 19-26 വരെ നടന്ന ചെറുവക്കൽ കൺവൻഷനിൽ 24 ന് വേങ്ങൂർ സെന്ററിലെ വിവിധ ലോക്കൽ സഭകളിൽ നിന്നായി 27 പേർ സ്നാനമേറ്റ് ക്രിസ്തുവിനോട് ചേർന്നു. റവ. ജോൺസൺ ഡാനിയേൽ, പാസ്റ്റർ കെ. ഷാജി, പാസ്റ്റർ തോമസ് ജോൺ എന്നിവർ നേതൃത്വം നല്കി.

## ഒ.എം. ബുക്സ് മുപ്പാതമത് ശാഖ തൂത്തുക്കുടിയിൽ

**തൂത്തുക്കുടി:** ഏഷ്യയിലെ ഏറ്റവു വലിയ ക്രൈസ്തവ പുസ്തക വിതരണക്കാരായ ഒ.എം. ബുക്സിന്റെ മുപ്പതാമത് ശാഖ തമിഴ്നാട് തൂത്തുക്കുടിയിൽ ഡയറക്ടർ ജോൺസൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. റീജിയനൽ മാനേജർ ജോസ് തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ സഭാ വ്യത്യാസമെന്യേ ധാരാളം ആളുകൾ പങ്കെടുത്തു.



ലോകത്തിലെ ഏറ്റവും വലിയ ബൈബിൾ പ്രസാധകരിൽ ഒന്നായ 'ബിബ്ലിക്ക' (Biblica) യുമായി പങ്കാളിത്വത്തിലാണ് ഒ.എം. ബുക്സ് പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ ക്രിസ്തീയ പുസ്തക ശാലകൾ തുടങ്ങുവാൻ പദ്ധതിയുണ്ടെന്ന് ഡയറക്ടർ പറഞ്ഞു.

## അറിയിപ്പ്

**കഴിഞ്ഞ മൂന്നു വർഷം മിക്ക ആളുകൾക്കും ബിലീവേഴ്സ് ജേണൽ സൗജന്യമായി ലഭിച്ചു. പല പ്രാവശ്യം അറിയിപ്പുകൾ നൽകിയിട്ടും വരിസംഖ്യ അടയ്ക്കുന്നതിൽ ഭൂരിപക്ഷം പേരും സഹകരണം കാണിച്ചിട്ടില്ല. കൺവൻഷൻ സീസണ് ശേഷം മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കാത്ത ആർക്കും മാർച്ച് ആദ്യ ലക്കം പത്രം മുതൽ ലഭിക്കുന്നതല്ലായെന്ന് അറിയിക്കുന്നു. മഞ്ഞാടി ബിലീവേഴ്സ് ജേണൽ ഓഫീസിലും ഞങ്ങളുടെ പ്രതിനിധികളുടെ പക്കലും വരിസംഖ്യ അടയ്ക്കുവാൻ ക്രമീകരണമുണ്ട്. ദയവായി ഈ സൗകര്യം പ്രയോജനപ്പെടുത്തുവാൻ ഉത്സാഹിക്കുമല്ലോ.**

കൂടുതൽ വിവരങ്ങൾക്ക് : വിളിക്കുക.
പാസ്റ്റർ കെ. ജെ. മാത്യു (സ്റ്റേറ്റ് കോ- ഓർഡിനേറ്റർ)
ഫോൺ: 9947743346

## കൊടുന്തറ ഉമ്മച്ചന്റെ ജീവചരിത്രം പ്രകാശനം ചെയ്തു

**കുമ്പനാട്:** ഐ.പി.സി. സ്ഥാപക നേതാക്കളിൽ പ്രമുഖനായ കൊടുന്തറ ഉമ്മച്ചന്റെ ജീവിതാനുഭവങ്ങളുടെ കലവറ തുറക്കുന്ന **ദൈവത്തിന്റെ വലിയ മനുഷ്യൻ** എന്ന ജീവചരിത്ര ഗ്രന്ഥം ജനുവരി 14 ന് കുമ്പനാട് കൺവൻഷനിൽ പ്രകാശനം ചെയ്തു. ഐ. പി. സി. സീനിയർ ജനറൽ മിനിസ്റ്റർ പാ. റ്റി. എസ്. ഏബ്രഹാം ഐ. പി.സി. വൈസ് പ്രസിഡന്റ് റവ. ബേബി വർഗ്ഗീസിന് നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്. പാ. ഷിബു നെടുവേലിൽ (ജോ. സെക്രട്ടറി ഐ. പി. സി. കേരളാ സ്റ്റേറ്റ്) അദ്ധ്യക്ഷനായിരുന്നു. ത്യാഗനിർഭരമായ ജീവിതത്തിന്റെ ഉടമയായിരുന്നു കൊടുന്തറ ഉമ്മച്ചൻ. പാ. കെ. ഇ. ഏബ്രഹാമിനേയും കുടുംബത്തെയും കുമ്പനാട്ടേക്ക് ക്ഷണിക്കുകയും തന്റെ ഭവനത്തിൽ കൈക്കൊള്ളുകയും ചെയ്ത കെ. സി. ഉമ്മൻ എന്ന ദൈവദാസന്റെ കുടുംബത്തോടൊപ്പം ബാല്യകാലം ചെലവഴിച്ചതിന്റെ ഓർമ്മകളും പാ. റ്റി. എസ്. ഏബ്രഹാം തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. ദ ജേണൽ യു. എസ്. എ പ്രസാധനം ചെയ്ത പുസ്തകത്തിന്റെ രചന മോനികൊടുന്തറ, രാജൻ ആര്യപ്പള്ളിൽ, കെ. എം. മാത്യു കൊടുന്തറ എന്നിവർ ചേർന്ന് നിർവ്വഹിച്ചിരിക്കുന്നു. റവ. വത്സൻ ഏബ്രഹാം, റവ. സാം ജോർജ്ജ്, സണ്ണി കൊടുന്തറ, പാസ്റ്റേഴ്സ് രാജു മേത്ര, ജെയിംസ് ജോർജ്ജ്, പി. എ. കുര്യൻ, അലക്സ് മുളമൂട്ടിൽ, എൻ. കെ. ജോർജ്ജ് ബാംഗ്ലൂർ, സഹോദരന്മാരായ എം. വി. ഫിലിപ്പ്, സണ്ണി മുളമൂട്ടിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ഐ. പി. സി. കർണാടക..... 1-ാം പേജ് തുടർച്ച

കൺവൻഷനിൽ പ്രസംഗിക്കും.

കൺവൻഷനോടനുബന്ധിച്ച് സൺഡേസ്കൂൾ - പി.വൈ. പി.എ സംയുക്ത സമ്മേളനം, ബൈബിൾ ക്ലാസ്സ്, സോദരി സമ്മേളനം, വൈകിട്ട് 6 മുതൽ സുവിശേഷയോഗം, ഞായറാഴ്ച രാവിലെ സംയുക്ത സഭായോഗവും തിരുവത്താഴ ശുശ്രൂഷയും നടക്കും. കർണാടക സ്റ്റേറ്റ് പി. വൈ. പി. എ. ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

പാസ്റ്റർ വർഗീസ് മാത്യു ജനറൽകൺവീനറായും, പാസ്റ്റർമാരായ കെ. വി. ജോർജ്ജ്, രാജൻ ജോൺ, റ്റി. എസ്. മാത്യു, ജോസ് മാത്യു, ബ്രദർ കെ. വി. ഏബ്രഹാം എന്നിവർ കോർഡിനേറ്റർമാരായും വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

കന്നഡ ഭാഷയിൽ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തുകയും, കന്നഡ ഭാഷക്കാരായ് വരുന്നവർക്ക് സുവിശേഷം മനസ്സിലാക്കുവാൻ പ്രത്യേക സജ്ജീകരണങ്ങൾ ചെയ്യുമെന്ന് ബാംഗ്ലൂർ ക്രിസ്ത്യൻ പ്രസ് അസോസിയേഷൻ നടത്തിയ പത്രസമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ സാം ജോർജ്ജ്, സെക്രട്ടറി പാസ്റ്റർ കെ. എസ്. ജോസഫ് എന്നിവർ അറിയിച്ചു.

25 January 2011
Vol: 04, Issue: 02

RNI. No. KERMAL/2008/26530
Postal Reg. No. KL/TLA225/2009-11
Posted on 25 the January 2011 at RMS Thiruvalla

Believers Journal

BELIEVERS JOURNAL
P.O. Box: 31, Manjadi P.O
Thiruvalla, Kerala - 689 105
Office: 9349276586, Mob: 9447368795
beljourn@gmail.com,www. beljourn.com

മാധ്യമവിചാരം

# സംഗീതവും ഞാനും പിന്നെ കോറസും



അനിൽ കൊടിത്തോട്ടം
anilkodithotam@gmail.com

എനിക്ക് സംഗീതത്തെക്കുറിച്ച് വേണ്ടത്ര അറിവില്ല. പാശ്ചാത്യ സംഗീതജ്ഞരായ ബിഥോവന്റെയും മൊസാർട്ടിന്റെയും സിംഫണികൾ ശ്രവിക്കാറുണ്ട്. പല ക്രിസ്തീയ ഗാനങ്ങളിലും അവയുടെ അനുകരണങ്ങൾ പശ്ചാതല സംഗീതമായി കേൾക്കുമ്പോൾ അതു താനല്ലയോ ഇത് എന്ന് വർണ്ണ്യത്തിൽ ആശങ്ക തോന്നാറുണ്ട്. ഒക്ട്രേവ്, ടെർസെറ്റ്, സെസ്റ്ററ്റ്, ക്വാർട്രേൻസ് എന്നൊക്കെയുള്ള ഷേക്സ്പീരിയൻ ഗീതങ്ങളിലെ സാങ്കേതിക സംജ്ഞകളും വശത്താക്കിയിട്ടുണ്ട്. ഷെല്ലി, കീറ്റ്ക്സ്, യീറ്റ്സ്, മിൽട്ടൻ തുടങ്ങിയവരുടെ കവിതകളെക്കുറിച്ചും ഒരു ഏകദേശ ധാരണയുണ്ട്. ഇതൊക്കെതന്നെ ഒരു അദ്ധ്യാപകനെക്കൂടാതെ പഠിച്ചതിന്റെ അപാകതകളും മറച്ചുവയ്ക്കുന്നില്ല.

മലയാള കവിതകളെക്കുറിച്ച് താരതമ്യേന സമഗ്രമായ ഒരു കാഴ്ചപ്പാട് കരഗതമാക്കിയുണ്ട്. മലയാള വ്യാകരണം, കവിതകളുടെ വൃത്ത- താള- ചന്ദസ്സ് ക്രമങ്ങളെക്കുറിച്ചും കാര്യമായ തെറ്റുവരാതെ വിവരിക്കാനാവും. ഡിഗ്രിതലം വരെ മലയാളം പഠിപ്പിക്കാനുമാവും. അടുത്തകാലത്ത് ശ്രീ. വിത്സൻ ചേന്ദനാട്ടിന്റെ ക്രിസ്തീയ ഗാനങ്ങളെക്കുറിച്ച് ഞാനുന്നയിച്ച ആരോപണങ്ങളെ പ്രതികരിച്ചുകൊണ്ട് സങ്കീർത്തനം വാർത്താ പത്രിക അദ്ദേഹത്തിന്റെ അഭിമുഖം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ എന്റെ പേരു പരാമർശിക്കാതെ അദ്ദേഹം ഉന്നയിക്കുന്ന വെല്ലുവിളികൾ ഈക്കുറിപ്പിലൂടെ ഞാൻ സ്വീകരിക്കുകയാണ്. ശ്രീ. വിത്സന്റെ സ്വകാര്യ ജീവിതത്തെക്കുറിച്ചോ അദ്ദേഹത്തെ സംബന്ധിച്ച് ഉയർന്നു കേൾക്കുന്ന ഏതെങ്കിലും അപവാദത്തെക്കുറിച്ചോ എനിക്ക് മറുപടി പറയേണ്ട ബാധ്യതയില്ല. കാരണം ഞാൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ പാട്ടുകളെക്കുറിച്ചുമാത്രമാണ്. അദ്ദേഹത്തിന്റേത് എന്നല്ല കൈതപ്രം, ഒ. എൻ. വി., യൂസഫ് അലി തുടങ്ങി ഏതു പ്രമുഖൻ രചിക്കുകയും പരേതനായ ദേവരാജൻ മാസ്റ്ററോ മോഹൻ സിത്താരയോ ഔസേപ്പച്ചനോ സംഗീതം നൽകി യേശുദാസോ, എം.ജി. ശ്രീകുമാറോ പാടുന്ന പാട്ടുകളെയും വിമർശിക്കാനും തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം നിലനില്ക്കുന്ന ഒരു രാജ്യത്തിലെ പൗരനാണ് ഞാൻ. അതുകൊണ്ട് വിമർശനത്തെ ഭയക്കുന്നവർ പൊതുവേദികളുടെ കർമ്മരംഗങ്ങളിൽ പ്രവേശിക്കാൻ പാടില്ലായെന്നതാണ് എന്റെ പക്ഷം. ശ്രീ. വിത്സൻ അടക്കം ഏതെങ്കിലും പാട്ടുകാർ അവരുടെ വീട്ടിലോ വേണ്ടപ്പെട്ടവരുടെ മാത്രം മധ്യത്തിലോആണ് പാടുന്നതെങ്കിൽ എന്നെപ്പോലെയുള്ളവർ വിമർശിക്കുമായിരുന്നില്ലാ. മറിച്ച് വേദികളിൽ കേൾക്കുന്നത് എന്തും അപ്പാടെ ആത്മീയമെന്നും ഉൾകൃഷ്ടമെന്നും അംഗീകരിക്കേണ്ട ബാധ്യതയൊന്നും എനിക്കില്ല.

ശ്രീ. വിത്സന്റെ പാട്ടുകളെക്കുറിച്ച് എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. അത് എവിടെയും പറയുകയും ചെയ്യും. *നിൻ ദാനം ഞാൻ അനുഭവിച്ചു, നല്ലൊരു ദേശം, എല്ലാം നന്മയ്ക്കായി സ്വർഗ്ഗതാതൻ ചെയ്തിടുന്നു.* തുടങ്ങിയ പാട്ടുകൾ മനോഹരം എന്നുമാത്രമല്ല ഹൃദയ സ്പർശിയുമാണ്. ഒരിക്കൽ മലയാള മനോരമയുടെ ഇന്നത്തെ ചിന്താവിഷയം എന്ന ഞായറാഴ്ച പംക്തിയിൽ *എല്ലാം നന്മയ്ക്കായി* എന്ന അദ്ദേഹത്തിന്റെ ഗാനത്തെ പരാമർശിച്ചിരുന്നു. ഈ പാട്ടുകളൊക്കെ പാടി ആസ്വദിക്കുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. അത്തരം പാട്ടുകൾ വിത്സൻ ആത്മീക സമർപ്പണത്തിലൂടെ ഇനിയും രൂപപ്പെടുത്തിയാൽ അദ്ദേഹത്തെ അംഗീകരിക്കുന്നതിൽ എനിക്ക് യാതൊരു വിധ വൈമുഖ്യവുമില്ല. പിന്നെ എവിടെയാണ് വിയോജിപ്പ്?

ഒന്നര ദശകത്തിലധികമായി പെന്തെക്കോസ്ത് മേഖലയെ കടന്നുപിടിച്ച ഒരു കോർപറേറ്റ് ആത്മീകതയുടെ സ്വാധീനം വിത്സനിലും പ്രകടമാണ്. കേരളീയ സാംസ്കാരിക തനിമയെ നിരാകരിച്ചുകൊണ്ട് പാശ്ചാത്യ ശൈലിയിൽ ജീവിക്കാനും വൈകാരികതകളെ ആവിഷ്കരിക്കാനും പൊതുവായി കണ്ടുവരുന്ന പ്രവണതകളിൽ നിന്നും വിത്സനും അദ്ദേഹത്തിന്റെ കോറസ്സും വ്യത്യസ്തമല്ല. സൂട്ടും കോട്ടുമണിഞ്ഞ് ആർഭാടത്തിന്റെയും ആഢംബരത്തിന്റെയും പ്രകടനം പുറത്തെടുത്ത് അദ്ദേഹം നടത്തുന്ന കസർത്തുകൾ സംഗീത ശുശ്രൂഷയായി കാണാനും മാത്രം വിശാലമല്ല എന്റെ മനസ്സ്. അത്തരം പശ്ചാത്തലത്തിൽ രൂപപ്പെട്ട അദ്ദേഹത്തിന്റെ പാട്ടുകളെയും അങ്ങേയറ്റം അപഹാസ്യമായി ഞാൻ വിലയിരുത്തുന്നു. *ടൈറ്റാനിക് എന്നൊരു കപ്പൽ, വേൾഡ് സെന്ററിന്റെ തകർച്ച* തുടങ്ങിയ പ്രമേയങ്ങൾ പാട്ടാക്കിമാറ്റിയ അദ്ദേഹത്തിന്റെ സംഗീത നയം അസഹനീയം എന്നേ പറയേണ്ടു.

*ടൈറ്റാനിക് എന്നൊരു കപ്പൽ* എന്ന പാട്ടുകേൾക്കുമ്പോൾ *കാത്തുസൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം കാക്കക്കൊത്തിപ്പോയേ* എന്ന സിനിമാ ഗാന ശീലുകൾ എനിക്കോർമ വരും, *നിന്നതല്ല ഞാൻ ദൈവം നമ്മെ നിർത്തിയതാ* എന്ന ശ്രീ. വിത്സന്റെ നരേഷനും തൊട്ടുപിന്നാലെ പാട്ടും കേൾക്കുമ്പോൾ *നിർത്തിയാതാണെന്നെ നിന്നതല്ലാ ഞാൻ പൊന്നേശുവേ കൃപയാൽ* എന്ന പാട്ടുമായുള്ള സാമ്യം ഓർമ്മവരും. *ആരാധിച്ചപ്പോൾ വിടുതൽ കിട്ടി, ആരാധിച്ചപ്പോൾ സൗഖ്യം കിട്ടി* തുടങ്ങിയ ശീലുകൾ കേൾക്കുമ്പോൾ *ആരാധിക്കുമ്പോൾ വിടുതൽ ആരാധിക്കുമ്പോൾ സൗഖ്യം* എന്ന ഗാനമായുള്ള അതിന്റെ രക്തബന്ധം ഓർമ്മവരും. ഇങ്ങനെയൊക്കെ ഇറങ്ങി ചിന്തിക്കുന്ന മാധ്യമവിചാരകന് കൃപയില്ലെന്ന് പലർക്കും തോന്നാൻ ഇടയുണ്ട്. എന്തുചെയ്യാം നല്ലത് എന്നു തോന്നുന്നത് പ്രോത്സാഹിപ്പിക്കാനും മോശമെന്ന് തോന്നുന്നത് തുറന്നടിക്കാനും പൈതൃകമായി ലഭിച്ച ധൈര്യം ഇപ്പോഴേന്റെ ദൗർബല്യമായി മാറുന്നു. വിത്സന്റെ പല പാട്ടുകളെയും ഇങ്ങനെ വിലയിരുത്തിയപ്പോൾ അതിൽ ഞാൻ കണ്ടെത്തിയ അനുകരണങ്ങൾ

ശേഷം പേജ്: 10

# The Promise





Bonnie – Atlanta

I heard the promise. I heard it, but I still do not see it. Again and again I hear them say, “He’s coming. The messiah is coming. You will see him’’ where is he? When is he coming? Will I really see him?

Days have passed now. The days turned into months, the months into years, and the years into generations. Still I wait. I wait for my deliverance. I wait for my messiah.

No one wants to see me; everyone refuses to look at me. My soul cries out from within to deliver me, to at least try to listen. But of course no one hears, no one is willing.

I remember the words spoken of long ago “do not worry. He’s coming. The Messiah is coming. He will deliver’’ My heart grows faint within me as I Search, as I desire for deliverance, as I desire for the Messiah’s arrival.

Then one day. I see him. Coming towards me. With no beauty, nothing to attract him, nothing in his appearance for me to desire him. He was simple. He is the carpenter’s son, I hear, from Nazareth. This, this man, this simple unattractive man, he could not be the messiah. He could not be my deliverer. He was no one.

So I lowered my head in shame, hoping to hide my face from him. He was not important, he was nobody. I hear the footsteps come closer and closer, I dare not look up, and I dare not show my shame to the world.

I see his feet before me, feet that have been blistered from much travel. “My daughter,’’ I hear him say. Surely he is not talking to me, does he not know who I am? Does he not know my past? My Sin? My Shame? “My daughter’’ he calls out once more. Could he really be talking to me? Would he dare be seen with me in public? No, not it is only to mock me. He would not understand, he would not know. Cupping my chin, lifting my face he calls out to me again “My daughter”. I look in to his eyes, and I feel a glimmer of hope I my heart. His eyes tell me, to believe, believe that He is able. These eyes dare me to trust, to believe. Oh could it be true? Did the messiah really come for me? Did he really come to deliver me? Should I trust him? Should I believe?

Letting my guard, giving up the little I had, I trusted him. I leaned on him; I gave it all to him. With a gentle smile, and a firm command, I was set free. My Chains were gone, my shame disappeared, and my fear vanished. I was free.

And then I knew. I Knew I had seen Him. The Messiah. He did not come with great riches, or even strength. He did not come with an army, or with power. He came as a nobody, to save everybody. He came as a simple man, to save the simple minded. He came to me. He came to me, not with majesty but with simplicity. Not with questions, but with answers. Not with anger, but full of love. My majesty had come. My Promise, my only hope, had been fulfilled. I heard, but now I saw the majesty. The Promised one.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Goodnews Printing Press Kottayam1 (Kerala ) Editor - Samkutty Mathew.